UNIVERSITY LIBRARY
29.JAN 1936
MADRAS

# ലക്ഷ്മീഭായി

| പുസ്തകം ൩൧ | ൧൧൧൧ തുലാം | ലക്കം ൭ |
|---|---|---|

## മംഗളം

ലക്ഷ്മീശൻ സർവ്വവർണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷയ്ക്കായ്നന്നെ ദീക്ഷിച്ചമരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവർണ്ണാവലിപരിവിലസൽപത്രവൃന്ദം പെടുന്നീ-
'ലക്ഷ്മീഭായി'ക്കു വേണ്ടും നിഖിലഗുണകലാപൂർത്തിയെച്ചേർത്തിടട്ടെ.

കവിസാർവ്വഭൗമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

## തിരുനാൾമംഗളം

ചിത്രാനക്ഷത്രജാതൻ ശിതമതി സുഗുണൌ-
ഘാഞ്ചിതൻ വഞ്ചിനാഥൻ
സത്രാ മോദേന നൂറാണ്ടവനിയിതവനം
ചെയ്തു ചൈതന്യപൂർവ്വം
സുത്രാമാവെന്നപോലുൾസുഖമൊടു നിവസി-
ച്ചീടുവാനീടു ചേർത്ത-
ങ്ങുൾത്രാസം തീർത്തു രക്ഷിച്ചരുളുക കരുണാ-
സത്തമേ! പത്മനാഭ!

ലക്ഷ്മീഭായി.

## പാഠകം

'പാഠക'ത്തെപ്പററി കേൾക്കാത്തവരൊ, എന്നുവേണ്ട പാഠകംതന്നെ കേൾക്കാത്തവരൊ കേരളീയരിൽ വളരേപേരുണ്ടാകുമെന്നു തോന്നുന്നില്ല. പാഠകത്തിൻെറ പ്രചാരം അത്ര പ്രചുരവും പ്രബലവുമായിത്തീൎന്നിരിക്കുന്നു. ദേവാലയങ്ങളിലെ ഉത്സവാദ്യാഘോഷങ്ങളിൽ ഇതു നടത്താറുണ്ട്. അല്ലാതെകണ്ടും ഭഗവൽഭജനമായിട്ടോ നേൎച്ചയായിട്ടോ ദേവാലയങ്ങളിലും മററു സ്ഥലങ്ങളിലും പാഠകംപറയുക സാധാരണമാണ്. സാഹിത്യപരമായിട്ടും ഏതാണ്ടു ദൃശ്യപരമായിട്ടും അതിന്നുള്ള മാന്യസ്ഥാനംകൊണ്ടു, പരിഷത്തുകളിലും വിദ്യാലയങ്ങളിലും 'പാഠകപ്രദൎശനം', പതിവായിട്ടു വന്നിട്ടില്ലെങ്കിലും, കടന്നുകൂടി ക്രമത്തിൽ കൈകേറിവരുന്നുണ്ടെന്നും പറയാം. പാഠകമെന്ന പദംകൊണ്ടു വിവക്ഷിക്കുന്നതെന്ത്? അതിൻെറ ഇന്നത്തെ പ്രവൎത്തനസമ്പ്രദായം എങ്ങിനെ? ആഗമികദൃഷ്ട്യാ അതിൻെറ ഉൽപത്തി പോഷണം ഗതി എന്നിതെല്ലാം എപ്രകാരം?—എന്നിത്യാദി അതിനെക്കുറിച്ച് ഒരു ചെറുചൎച്ചയാണ് ഈ ലേഖനത്തിൻെറ ഉദ്ദേശ്യവും വിഷയവും.

ഗുണ്ടൎട്ടുസായ്പിൻെറ നിഘണ്ടുവിൽ 'പാഠകം' എന്ന പദത്തിന്നു 'പ്രസംഗം' * എന്നും 'നാടകത്തിലെ ഒരു പാത്രത്തിൻെറ കൃത്യം' † എന്നും അൎത്ഥം കൊടുത്തുകാണുന്നു. പ്രസ്തുതകലയെ സംബന്ധിച്ചിടത്തോളം, പാഠകം ഒരു പ്രസംഗമല്ലെന്നു പറകവയ്യ എങ്കിലും, അത് ഒരു വെറും പ്രസംഗമാണ് എന്നു പറയുന്നതും ശരിയല്ല. രണ്ടാമത്തെ അൎത്ഥം അതിന്നു ചേരുമോ എന്നു വള

---

* Lecture. † The part in a play.

രെ സംശയവുംതന്നെ. 'ശബ്ദതാരാവലി'യിൽ 'പാഠകം' എന്നാൽ 'കഥ'യെന്നും 'പാഠകൻ' എന്നാൽ 'കഥപറയുന്നവൻ' എന്നും 'പാഠകക്കാരൻ' എന്നാൽ 'നല്ല വസ്ത്രം ഉടുത്തു തലയിൽ കെട്ടി ജനമദ്ധ്യേ നിന്നു ശ്ലോകം ചൊല്ലി കഥപറയുന്നവൻ' എന്നുമാണ് പറഞ്ഞിട്ടുള്ളത്. പാഠകക്കാരൻ പറയുന്നതു കഥയാണ്; ജനമദ്ധ്യേ നിന്നു ശ്ലോകം ചൊല്ലീട്ടാണ് പറയുന്നത്; പാഠകക്കാരൻ തലയിൽ കെട്ടുകയുമുണ്ട്. എന്നാൽ ഇത്രയൊക്കെയായാൽ പാഠകം പറകയായി എന്നോ പാഠകത്തിനുമാത്രമേ ഇതൊക്കെയുള്ളുവെന്നോ പറയുന്നതു ശരിയല്ല. അതായത് ഈ ലക്ഷണയിൽ അവ്യാപ്തിയും അതിവ്യാപ്തിയും രണ്ടു ദോഷവുമുണ്ട്.

പണ്ട് ഇതിഹാസപുരാണാദി നായകന്മാർ, സാങ്കേതികഭാഷയിൽ പറയുന്നതായാൽ 'കഥകന്മാർ', രണ്ടുതരത്തിലായി വിഭജിക്കപ്പെട്ടിരുന്നു. ഒരുകൂട്ടർ ആ ഗ്രന്ഥങ്ങളിലെ പദ്യങ്ങൾ ക്രമപ്രകാരം സ്വരിച്ചു ചൊല്ലുകമാത്രം ചെയ്തു. അവരാണ് 'പാഠകന്മാർ'. മററവർ 'ധാരകന്മാർ' ആകട്ടെ, പണ്ഡിതപാമരസമ്മിളിതമായ സമാജത്തിൽ പാഠകന്മാർ ചൊല്ലുന്ന ഓരോ പദ്യവും ദേശീയഭാഷയിൽ ലളിതമായി പ്രതിപാദിച്ച് അതിൻെറ അർത്ഥവും സാരസ്യവും അവൎക്കെല്ലാവൎക്കും ഒരുപോലെ സുഗ്രാഹ്യമാക്കിത്തീർത്തുപോന്നു. ഇങ്ങിനെ പാഠകന്മാരെന്നും ധാരകന്മാരെന്നും രണ്ടുതരക്കാരായിത്തിരിച്ച കഥകന്മാരുടെ രണ്ടുവൃത്തിയും ഒന്നിച്ചുചേൻ്ന് ഇന്നു നമ്മുടെ പാഠകക്കാരിൽ കാണുന്നതുകൊണ്ടും ചരിത്രദൃഷ്ട്യാ പാഠകത്തിൻെറ ഉൽപത്തിയും ഉയൎച്ചയും ഊഹിക്കുന്നതായാലും (ഈ വിഷയത്തിൽ പൂൎവ്വാപരവിരുദ്ധമല്ലാത്തതോ യുക്തിക്ക് അസംബദ്ധമല്ലാത്തതോ ആയ ഊ

ഘമല്ലാതെ വെളിച്ചത്തുവന്നിരിക്കുന്ന രേഖകൾ അസ്പഷ്ടമാക്കി മറെറാരു തീൎപ്പും കല്പിക്കുവാൻ സാധിക്കുന്നതല്ല). ഈ പാഠകന്മാരാണ് ഇന്നത്തെ പാഠകക്കാരുടെ പൂൎവ്വഗാമികൾ എന്നു പറയാനാണ് വഴികാണുന്നത്.

പാഠകം ആദ്യമുണ്ടായത് എന്നാണെന്നു ഖണ്ഡിച്ചുപറയുവാൻ തെളിവുകൾ പോരാ. പാഠകക്കാരുടെ വേഷം അതായതു ചുകപ്പുതുണി തലയിൽ കെട്ടുക, ഉടുത്തിരിക്കുന്ന മുണ്ടിന്റെ മീതെ ചുകന്ന വസ്ത്രം ചിററുക, പളുങ്കുമാല ധരിക്കുക, കണ്ടാൽ, പാഠകം സംഘക്കളി (യാത്രക്കളി)യിൽനിന്നുണ്ടായതാണെന്നു തോന്നും. കഥാകഥനത്തിന്റെ ഇന്നത്തെ രീതി കണ്ടാൽ അതു ചാക്യാർകൂത്തിന്റെ ഒരു അനുകരണമാണെന്നും പറയാം. അതുകൊണ്ടു, കൂത്ത് അമ്പലത്തിൽവെച്ചുമാത്രമേ നടത്താവൂ എന്നും, അതുതന്നെ ചാക്യാർജാതിക്കുമാത്രമേ പാടുള്ളു എന്നുമുള്ള നിബന്ധനയാലും, എന്നാൽ ഈ കലയെക്കുറിച്ചു ജനങ്ങൾക്കുള്ള പ്രതിപത്തിയും ആൎത്തിയും സീമാതീതമായി വൎദ്ധിച്ചുവന്നതിനാലും, ആ കലപോലെ 'ഏതാണ്ടൊന്ന്' ഉണ്ടായിത്തീൎന്നിരിക്കണം. അതാണ് പാഠകം. പാഠകം ഈശ്വരകഥ പറകയായതുകൊണ്ട് അതിനു ദൈവികത്വം വേണം. എന്നാൽ കൂത്തിന്റേടത്തോളം വയ്യ എന്നു വെക്കാനാണ് വഴി തന്മൂലം വേഷത്തിൽ പാഠകം യാത്രക്കളിയെ അനുസരിക്കണമെന്നുവന്നിരിക്കാം. അക്കാരണത്താൽതന്നെ ആദ്യം പാഠകം പറയുന്നത് ആദ്യം വെറും ഭാഷയിലായിരിക്കാനേ തരമുള്ളൂ. ക്രമേണ പരിഷ്ക്കരിച്ചു പരിഷ്ക്കരിച്ച് ഏതാണ്ടു കൂത്തിലെ കഥ പറയുന്നതുപോലെയുള്ള മട്ടു മുഴുവനും സ്വീകരിച്ചതായിരിക്കണം. എന്തെന്നാൽ തുടക്കത്തിൽ ഇതു കൂത്തിനു കൊട്ടുന്ന നമ്പ്യാന്മാരുടെ അവകാ

ശമായിരുന്നു എന്നു പൂർവ്വചരിത്രം വെളിപ്പെടുത്തുന്നുണ്ട്. കൂടിയാട്ടത്തിൽ നങ്ങ്യാരുടെ വേഷം വേണ്ടതുകൊണ്ട് ആ ആവശ്യത്തിന്നും അതോടുകൂടി നങ്ങ്യാർക്ക് സ്വതപ്രാഭവവും, തദ്വാരാ പ്രോത്സാഹനവും നല്കുവാൻ നങ്ങ്യാരുകൂത്തുണ്ടായതുപോലെ, വെറും മിഴാവുകൊട്ടുന്ന നമ്പ്യാർക്കും എന്തെങ്കിലും ഒരു പ്രാമാണ്യത്തിന്ന് ഒരു വഴിയായി പാഠകം എന്ന ഏർപ്പാട് തുടങ്ങിയെന്ന് ഊഹിക്കുന്നതിൽ വലിയ തെറ്റോ അസാംഗത്യമോ ഇല്ലെന്നു തോന്നുന്നു. പിന്നീട് ഈ പാഠകം തൊഴിലായി മററു അമ്പലവാസികളും സ്വീകരിക്കുകയും അതിന്നു ശേഷം ഇപ്പോൾ ബ്രാഹ്മണരും പാഠകം പറയുവാൻ തുടങ്ങുകയും ചെയ്തതാണ് 'ചാക്യാരുടെക്ഷേത്ര'മായ തളിപ്പറമ്പുതന്നെയാണല്ലൊ പാഠകക്കാർക്കും മുഖ്യവും പരീക്ഷസ്ഥലമുള്ളതുമായ സ്ഥലവും, അവിടന്നാണ് പരീക്ഷയിൽ വിജയികളാകുന്നവർക്ക് കിട്ടുന്ന മുടിയും. മുടി കൊടുക്കുന്നത് അവിടത്തെ നമ്പൂരിബ്രാഹ്മണരുമാണ്. ആ സ്ഥിതിക്കു പാഠകത്തിന്നു ജനനത്തിൽത്തന്നെ സംസ്കൃതശ്ലോകം ചൊല്ലി ഭാഷയിൽ അർത്ഥം പറയുക എന്ന ക്രമം ഉണ്ടായിട്ടുണ്ടാവില്ല. എന്തെന്നാൽ ആ അധികാരം ബ്രാഹ്മണർ അബ്രാഹ്മണരായ അമ്പലവാസികൾക്ക് അനുവദിച്ചുകൊടുത്തുവെന്നു വിശ്വസിക്കുവാൻ തരമില്ലല്ലൊ.

അതുകൊണ്ടു പ്രവേശത്തിൽ പാഠകം ഭാഷയിൽ വെറും കഥപറയുകമാത്രമായിരിക്കണം. എന്നാൽ അതിൽ ഗദ്യംപോലെ പദ്യവുമുണ്ടായിരുന്നോ എന്നും, ഇന്നത്തെ ഭാഷാചമ്പുക്കൾ ആ ആവശ്യത്തിലേക്കായി രചിക്കപ്പെട്ടവയാണോ എന്നുമുള്ള ചോദ്യത്തിന്നു കൃത്യമായ ഒരു മറുപടി കാണുന്നില്ല. ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരടിയുടെ അഭിപ്രായത്തിൽ ഭാഷാചമ്പുക്കൾ

പാഠകത്തിന്നായിട്ടുണ്ടായവയാണെന്നാണ്. ആ മതത്തിനോടു പണ്ഡിതൻ ക്ലൂനേഴത്തു പരമേശ്വരമേനോൻ യോജിക്കുന്നില്ല. സാഹിത്യത്തിൽ വിനോദത്തിന്നായി വിഹരിച്ച കേരളസഹൃദയാഗ്രണികളുടെ പ്രതിഭാഫലമായി സംസ്കൃതത്തിൽ ഭോജചമ്പു, ഭാരതചമ്പു എന്നിവ പോലെ, കൈരളിയിലും ഭാഷാചമ്പുവെന്നൊരു പ്രസ്ഥാനമുണ്ടായിയെന്നാണ് മേനോൻെറ പക്ഷം. മേനോൻെറ അഭിപ്രായമാണ് സ്വീകാര്യമായിത്തോന്നുന്നത്. കൈരളിയിൽ ആദ്യത്തെ ചമ്പു പുനത്തിൻെറ രാമായണചമ്പുവാണെന്നാണല്ലോ ഇപ്പോഠം കിട്ടിയിടത്തോളം ഉള്ള ചമ്പുക്കളിൽനിന്നു കാണുന്നത്. പുനത്തിൻെറ കാലത്ത് അമ്പലവാസികഠംക്കു സംസ്കൃതം പഠിക്കാൻ വിരോധമുണ്ടായിരുന്നില്ലെന്നുമാത്രമല്ല, നാണപ്പപ്പിഷാരടിയെപ്പോലെ അതിവിദ്വാന്മാരുമുണ്ടായിരുന്നസ്ഥിതിക്ക് ഒരുപക്ഷെ അതിന്നു ശേഷമാണ് പാഠകമുണ്ടായതെന്നോ, അഥവാ, അതുവരെ പാഠകം ഏതുവിധത്തിലായിരുന്നാലും അന്നുതൊട്ടു പാഠകത്തിന്നു ഭാഷാചമ്പുക്കളുപയോഗിച്ചു തുടങ്ങിയെന്നു പറയേണ്ടിവരും. എന്നാൽ പിന്നീടു പാഠകം പറയുന്നതിന്ന് എന്തുകൊണ്ടു സംസ്കൃതപ്രബന്ധങ്ങഠം ഉപയോഗിക്കാൻ തുടങ്ങിയെന്നോ

"ഭാഷാകവിനിവഹോയം
ദോഷാകരവദ്വിഭാതി ഭുവനതലേ
പ്രായേണ വൃത്തഹീന-
സ്സൂര്യാലോകേ നിരസ്തഗോപ്രസരഃ"

എന്നു ഭാഷാകവിയായ പുനത്തിനെ 'അരക്കവി' എന്നും പറഞ്ഞ് അവഹേളിക്കത്തക്കവണ്ണം കൈരളിയുടെ നേരെ അത്ര പുച്ഛമുണ്ടായിരുന്ന അക്കാലത്ത് എന്തുകൊണ്ടു

പാഠകക്കാർ പണ്ടത്തെ മട്ടു വിട്ടു സംസ്കൃതമല്ലാതെ മലയാളം സ്വീകരിച്ചുവെന്നോ ഉള്ള ചോദ്യങ്ങൾക്കു ശരിയായ ഉത്തരമില്ല. പോരെങ്കിൽ കൂത്തിനെ അനുകരിച്ചുണ്ടായ കലയ്ക്കും.

എല്ലാംകൂടി ആലോചിക്കുമ്പോൾ പാഠകം ആദിയിൽ വെറും നാടോടിഭാഷയിൽ പുരാണകഥ പറയുകയായിരുന്നുവെന്നും പിന്നീട് ഇത്തരത്തിലായതാണെന്നും ഊഹിക്കാനാണ് വഴി. പാഠകമുണ്ടായതു കൂത്തിന്റെ ശേഷമാണെങ്കിലും കൂത്തിന്റേതുപോലെ ഇതിന്റെ ആദിയും അവിദിതമാണ്. ആദ്യത്തെ കഥപറയുന്ന രീതി എന്തായിരുന്നു, വേഷവും പാഠകം ഉത്ഭവിച്ചപ്പോൾത്തന്നെ ഇങ്ങിനെയായിരുന്നോ എന്നും മററുമുള്ള സംഗതികൾ ഇന്ന് അജ്ഞാനാന്ധ്യത്തിലാണ്ട് അറിയാതെകിടക്കുന്നു. ഗവേഷണം ഇക്കാര്യത്തിൽ വളരെ നടത്തേണ്ടതായിട്ടുണ്ട്.

ഇന്നത്തെ രീതി ഇപ്രകാരമാണ്. കൂത്തിലേപ്പോലെ പൊങ്ങിയ തറയോ, വാദ്യമോ, പാഠകക്കാരന്റെ നൃത്തമോ ഒന്നുമില്ല. സാമാജികന്മാരും പാഠകക്കാരനും സമനിലത്തുതന്നെ. സാമാജികന്മാർ ഇരിക്കും. പാഠകക്കാരൻ നിന്നാണ് പാഠകംപറയുക. ചാക്യാക്കുള്ളപോലെ ഇരിക്കുവാൻ പീഠമില്ല. പാഠകക്കാരന്റെ മുമ്പിൽ ഒരു നിലവിളക്കു വേണം; എന്നാൽ അതിൽ മൂന്നു തിരി വേണമെന്നില്ല. പാഠകക്കാരൻ വേഷംകെട്ടി വിളക്കിന്റെ നേരേവന്ന് ഇഷ്ടദേവതയെ ധ്യാനിച്ചു വന്ദനശ്ലോകം ചൊല്ലിത്തൊഴുതു കഥ പറയുന്നതിന്നായി ഒരു അവതാരിക തുടങ്ങും.

പാഠകത്തിന്റെ അവതാരിക—(വേഷം കെട്ടി അരങ്ങത്തു വന്നു വിഷ്ണുവിന്റെ അവതാരകഥകളിലേതെ

ങ്കിലുമാണ് പറവാൻ പോകുന്നതെങ്കിൽ) "ഘോരാണാം ..................പത്മനാഭം ഭജേഥാഃ" എന്നു തൊഴുതു കൊണ്ടു ചൊല്ലുന്നു. ശിവകഥയാണ് പറവാൻ ഭാവിക്കുന്നതെങ്കിൽ

"നാലാമ്നായൈകമൂലം നതജനദിവിഷൽ
പാദപം നേത്രവഹ്നി-
ജ്വാലാനിർദ്ദഗ്ദ്ധമീനധ്വജമചലസുതാ-
രൂഢവാമാങ്കഭാഗം
കാലാരാതിം കപർദ്ദോദരകബളിതമ-
ന്ദാകിനിമാനനീയം
കൈലാസാവാസലോലം കനിവൊടു മനമേ!
ചന്ദ്രചൂഡം ഭജേഥാഃ"

എന്ന ശ്ലോകമാണ് ചൊല്ലുക. ഈ രണ്ടു ശ്ലോകങ്ങളും ഭാഷാചമ്പുക്കളിൽ ഉൾപ്പെട്ടവയാണെന്നുകൂടി സന്ദർഭവശാൽ പറഞ്ഞുകൊള്ളുന്നു. പിന്നെ "പുരുഷാർത്ഥചതുഷ്ടയത്തെ സാധിപ്പാനായിക്കൊണ്ടു സകലജഗദാധാരഭൂതനായി സച്ചിദാനന്ദസ്വരൂപനായിരിക്കുന്ന ഭഗവാൻ ശ്രീനാരായണന്റെ (ശ്രീപരമേശ്വരന്റെ) ശ്രീമൽപാദാരവിന്ദങ്ങളെ സാർവ്വകാലവും ഹൃദയകർണ്ണികാമദ്ധ്യത്തിങ്കലാമ്മാറുവെച്ചു നിശ്ചലഭക്തിപുരസ്സരമാകുംവണ്ണം ഉപാസിച്ചുകൊള്ളണം. ആയതിന്നു വേണം എല്ലാജനങ്ങളും എല്ലാസമയത്തുങ്കലും പ്രയത്നംചെയ്വാൻ. ഈശ്വരനെ സേവിക്ക എന്നുവരുന്നസമയത്തുങ്കൽ തൽസേവാമാർഗ്ഗങ്ങളും പലപ്രകാരേണയുമുണ്ട്. പ്രദക്ഷിണം, പ്രതിമാർച്ചനം, സ്വരൂപദ്ധ്യാനം, നാമസങ്കീർത്തനം, കഥാശ്രവണം, കഥാപ്രസംഗം എന്നിവയിൽവെച്ചു കലിയുഗത്തിങ്കൽ അനായാസേന മോക്ഷത്തെ സാധിപ്പാൻ കഥാപ്രസംഗത്തോളം നല്ലതല്ലാതെ മററൊന്നും.

കഥപാഠക എന്നു വരുന്നസമയത്തുങ്കൽ വാക്കിനു മാധുൎയ്യാദി ഷൾഗ്ഗുണങ്ങളുടെ പരിപൂൎണ്ണതയുണ്ടായിരിക്കണം. "മാധുൎയ്യമക്ഷരവ്യക്തിഃ പദവ്യക്തിശ്ച സുസ്വരഃ സ്ഥൈൎയ്യം ലയസമത്വം ച ഷഡേതേ വചസോ ഗുണാഃ" (ഇതിൻെറ അൎത്ഥം പറക) ആയതിലൊന്നിൻെറയെങ്കിലും ലവലേശംപോലുമില്ലായെങ്കിലും ഉഭയകുലപരിശുദ്ധന്മാരായി വേദജ്ഞരായി ശാസ്ത്രജ്ഞന്മാരായിരിക്കുന്ന ബ്രാഹ്മണോത്തമന്മാരെക്കൊണ്ടു നിറയപ്പെട്ട സഭാമദ്ധ്യത്തെ പ്രാപിച്ചു പഠിച്ചവണ്ണം പ്രസംഗിക്കുക എന്നുവരുന്ന സമയത്തുങ്കൽ "ഈശ്വരാ! ഇവൻെറ ബുദ്ധി ഈശ്വരകഥയിങ്കലല്ലോ ലയിച്ചത്. ആയതുഹേതുവായിട്ട് ഇവനു മേലിൽ ഗുണോൽകൎഷം വൎദ്ധിക്കട്ടെ". എന്നിപ്രകാരം ബ്രാഹ്മണോത്തമന്മാരുടെ അനുഗ്രഹമുണ്ടാവുമെന്നത്രേ മൽഗുരുഭൂതൻെറ നിയോഗം. "ഗുരുകാരുണ്യലക്ഷ്മീനിയോഗാൽ" (അംഗദദൂതാണ് കഥയെന്നു വിചാരിക്കുക. അതിനുള്ള പ്രത്യേക അവതാരിക തുടങ്ങുകയാണ്. അടുത്ത ചടങ്ങ് അതായത്) "എങ്കിലൊ പണ്ടു സൂൎയ്യവംശാലങ്കാരഭൂതനായി ദശരഥപുത്രനായിരിക്കുന്ന ഭഗവാൻ ശ്രീരാമചന്ദ്രൻ അനുജനായിരിക്കുന്ന ലക്ഷ്മണനോടും സുഗ്രീവാദിവാനരന്മാരോടുംകൂടെ ദക്ഷിണസമുദ്രതീരത്തെ പ്രാപിച്ചു. സമുദ്രത്തിൽ ദത്തമാൎഗ്ഗനായി നളനെക്കൊണ്ടു സമുദ്രത്തിൽ സേതു ബന്ധിപ്പിച്ചു തൽസേതുവില്കൂടെ കടന്നു ലങ്കാനഗരത്തെ പ്രാപിച്ച്, ഉത്തരഗോപുരദ്വാരത്തിങ്കൽ പടവീടും കെട്ടി ആയവിടെ അധിവസിപ്പതും ചെയ്തു. ആയതിന്നു ശേഷം ഭഗവാൻ ശ്രീരാമൻ സുഗ്രീവനുമൊരുമിച്ച് ഇപ്രകാരം അരുളിച്ചെയ്തു: "ദൂതോ ഗ

ച്ഛത്തു ബുദ്ധിസാഗര............എന്നിത്യാദി ശ്ലോകം. അങ്ങിനെ കഥയിലേക്കു കടക്കുകയായി. കഥ പറയുന്നത് ഇപ്പോഴം കൂത്തിൽ പതിവുള്ളതുപോലെതന്നെയാണ്.

കഥയുടെ ഉദ്ദിഷ്ടഭാഗമെത്തി കഥ അവസാനിച്ചാൽ അന്നത്തെ പാഠകവും കലാശിച്ചു. കലാശിക്കുമ്പോഴം കൂത്തുമുടിക്കുന്നപോലെ സഭാവാസികഠം കൈകൊട്ടുകയില്ല. കഴിഞ്ഞാൽ പാഠകക്കാരൻ തൊഴുതു പിൻമടങ്ങും; അതാണ് അതിലെ ലക്ഷണം. കൈകൊട്ടുകയില്ലാത്തതുകൊണ്ടു, സാമാജികന്മാർ ബ്രാഹ്മണൻമാത്രമാകണമെന്നില്ലെന്നുവരുന്നു. അതുകൊണ്ടും അമ്പലത്തിലല്ലാതെ എവിടെവെച്ചും പാഠകം നടത്താമെന്നുള്ളതുകൊണ്ടുമായിരിക്കണം പാഠകത്തിനു കൂത്തിനോളം ഇടിവുതട്ടാതിരിക്കുന്നത്. എന്നാലും കേരളകലകഠക്കെല്ലാത്തിന്നും കാണുന്ന അധഃപതനം ഇതിന്നുമുണ്ട്. കാലംകൊണ്ടു കേരളീയക്കു രാഷ്ട്രാഭിമാനവും സ്വകീയസ്വത്തുസൂക്ഷിക്കുന്നതിൽ അഭിനിവേശവും പുഷ്ടമായിട്ടുവരുമ്പോഴം പാഠകത്തിന്നും മുക്തിയുണ്ടാകുമെന്നു സമാധാനിക്കാം.

കേരളവർമ്മ അമ്മാമൻതമ്പുരാൻ ബി. എ., ബി. എൽ.

---

## ഭക്തിലഹരി

൮

നാനാത്വം ഭ്രാന്തിജന്യം കരുതുക ഗുണദോ-
ഷങ്ങളാ ഭ്രാന്തിമൂലം
താനാം; കാണാം തിരഞ്ഞാലതിനു വിധിനിഷേ-
ധങ്ങളാശ്ശാസ്ത്രരീത്യാ

ആ നാടന്മാക്കിതെല്ലാമുലകമജിതനെ-
ന്നോൎത്തു നാമങ്ങളോരോ-
ന്നീ നാം ഭക്ത്യാ ജപിക്കാം വിഗതവിഷയസം-
ഗിക്ക മറെറന്തുവേണം. ൪

ഇക്കാണും ജന്തുവൎഗ്ഗം സകലസമയവും
ക്ഷുൽതൃഡാധിക്കഴപ്പും
നീക്കാൻ മാത്രം ശ്രമിപ്പോരവരുടെയിടയിൽ
തെല്ല ഭേദം നരന്മാർ
ചില്ലാംബേ! മിത്രമാത്മാവിനവരരിയുമാ-
ണോൎക്കിൽ നിന്നെബ്ഭജിക്കാൻ
ലാക്കായോർ മിത്രം,മല്ലാത്തവരരി,യടിയൻ
കൃഷ്ണ! നിത്യം നമിക്കാം. ൫

ദേഹത്തിൽ സക്തി തീരെക്കളയണമയി! നീ
സക്തിമൂലം സദാ ഞാൻ
ഗേഹം, വിത്തം, കളത്രം, സുത,സഹജസുഹൃ-
ത്തെന്നിവൎക്കുന്നതിക്കായ്
സ്നേഹം വൎദ്ധിച്ചു രാവും പകലുമുഴലുവാ-
നുള്ള മാൎഗ്ഗങ്ങളൊക്കും
മോഹക്കോളിട്ടിളക്കും കടനജലധിയിൽ-
പ്പെട്ടു കഷ്ടപ്പെടുന്നു. ൬

എന്നാൽ ദേഹം നശിച്ചാൽ പരപുരുഷ! വിഭോ!
പട്ടിയോ കാക്കയോ തി-
ന്നെന്നാമല്ലെങ്കിലഗ്നിക്കിര ദ്രുഢമിതിരി-
ക്കട്ടെ; ജീവിച്ചിരിക്കെ
വന്നാക്കൺ,തൊക്ക,ജിഹ്വാ, ശ്രവണമിവ വലി-
ച്ചിട്ടു നട്ടംതിരിക്കും
മന്നാകെ; തല്ലുദാംബ് ജത്തണലിലൊരുവരും
കൊണ്ടുതള്ളില്ലതാനും. ൭

ഇക്കാലം സക്തി ദേഹത്തിന്നു നരനു വിടാൻ
ദുർഘടംതന്നെയെന്നാൽ
തൽക്കാലം ദുഃഖമാററിത്തരണമരുളണം
ഭക്തിദാർഢ്യം മുരാരേ!
ഇക്കാണും വിപ്രജന്മം നിരവധിയുദരം
നൂണു ഞാൻ നേടിയിപ്പോൾ
ചിക്കാൽക്കംബേ! പാഴിലാക്കിക്കളയരുതിനിയും
യോനിനൂഴിച്ചിടൊല്ലേ. ൫

ഒന്നും നേരാതെ കർമ്മം ഗുരുവരനുപദേ-
ശിച്ചരീതിക്കു ചെയ്തി-
ട്ടെന്നുള്ളം ശുദ്ധമാക്കിത്തിരുവടി കരുതി-
ക്കൊണ്ടു നാമം ജപിക്കാം
എന്നും നില്ക്കുന്നതാക്കും പ്രിയതരമഖില-
വ്യാപ്തമിന്നന്ന മട്ടാ-
ണെന്നുള്ളിൽ കേറിടാത്താത്തിരുവുടലടിയ-
ത്തിന്നു കാട്ടിത്തരേണം. ൬

മെയ്യോർത്താൽ സ്ഥൂലസൂക്ഷ്മം പലവിധമുലകിൽ
കാണപ്പാനുണ്ടതെല്ലാം
നിയ്യോ മായക്കു കീഴ് നിന്നൊരു കളിനിലയിൽ
തീർത്തതെന്നെൻെറ ബോദ്ധ്യം
തിയ്യോതാം കണ്ണു, മാളും, കുറയു, മെരിയുമി-
ങ്ങിസ്ഥാനങ്ങൾക്കു കീഴിൽ
പൊയ്യോ ഞാൻ ചൊൽവതൊന്നാണനലനിതൊരുദ്ദ-
ഷ്ടാന്തമോന്തതച്ചമൃതേ! ൭

ചൊല്ലാളും ഗുരുവിന്നടുത്തനുദിനം
ക്ലേശിച്ചു ചൊല്ലൂഴിൽ നി-
ന്നെല്ലാം കേട്ടുപഠിച്ചു സൂക്ഷ്മതരമാം
ജ്ഞാനാഗ്നി കാളിച്ചുടൻ

എല്ലാർക്കും ഭയമാം ഭവാടവി കരി-
    ച്ചുത്തിട്ടു മാറുന്നവാ-
റെല്ലാം വിഷ്ണുമയം ചരാചരജഗ-
    ത്തക്കാഴ്ച കാണാകണം. ൮

ഷൾക്കർമ്മം, ഷൾഗുണം, നല്ലഗദമിവ തരും
    ക്ലേശഹാനിക്കുപായം
ചിക്കുന്നുണ്ടാമനേകം കൃഷിയുടെ നിലതാൻ
    നിത്യമല്ലാത്ത നേട്ടം
ദുഃഖം വേരററുപോകാൻ തിരുവടിയൊടു ചേ-
    രുന്നതേ നല്ല മാർഗ്ഗം
തൃക്കണ്ണല്പം മിഴിച്ചാലടിയനു പരമാ-
    നന്ദമെന്നും മുരാരേ! ൯

ചൊല്ലാം ഷൾക്കർമ്മനിഷ്ഠദ്വിജനു സുലഭമാം
    സ്വർഗ്ഗലോകത്തിലെന്ത-
ന്നില്ലാത്തൈശ്വര്യമന്നാസ്സുരയുവതികളൊ-
    ത്തെപ്പൊഴും കേളിയാടാം
മല്ലാരേ! ഹന്ത! താൻ നേടിയ സുകൃതമൊടു-
    ങ്ങുമ്പൊളിങ്ങോട്ടു തള്ളും
വല്ലാത്തുള്ളല്ലലപ്പോ;ളിവനു വഴി പിഴ-
    യ്ക്കാതിരിക്കാൻ നമിക്കാം. ൧൦

ആടിപ്പോം സത്യലോകം പ്രളയമണയുകിൽ
    ബ്രഹ്മനും ഭീതനാകും
പേടിക്കും പേടി വിഷ്ണോ! തിരുവടിയരുളും
    നിത്യലോകത്തു മാത്രം
ചാടിത്തുള്ളുന്ന സംസാരികളുടെ കഥയെ-
    ന്തേവരും ഭീതരാകെ-
ക്കൂടിച്ചൊല്ലാമെനിക്കിങ്ങഭയമരുളണം
    സച്ചിദാനന്ദമൂർത്തേ! ൧൧

ഇല്ലാ നോക്കുക ബന്ധമോക്ഷമിവനും
    സ്വപ്നോപമംതാനതി-
നെല്ലാം തന്മയമാം ചരാചരമഹോ!
    ഞാനും ഭവാനും ശരി
ചൊല്ലാം "വിദ്യയവിദ്യ"യെന്നു പറയും
    ശക്തിദ്വയം മോക്ഷമെ-
ന്നല്ലാം ബന്ധവുമുള്ളതെന്ന നിലയിൽ
    കാണിപ്പു നിൻ ചൊല്പടി. ൰൨

മിക്കൊട്ടുക്കു നിറഞ്ഞ നിന്നുടെ കളി-
    ക്കോപ്പായ് ചമച്ചുള്ളതീ-
യ്യോല്ലെല്ലാമുള്ളുന്നൊരവിദ്യ വിദ്യയിവതാ-
    നും ബന്ധമോക്ഷങ്ങളും
ഉൾക്കൊണ്ടോർക്കിലിശ! നീ കളി നിറു-
    ത്തിപ്പോസ്തിടക്കുമ്പൊഴ-
ന്നിക്കോപ്പും കളിയും കളിപ്പുരയുമീ-
    ഞാനും ഭവാൻതാൻ സുഖം. ൰൩

ഇക്കാര്യം വിസ്തരിക്കാം ഫലമിതിനു മന-
    ശ്ശുദ്ധിയില്ലാതിരുന്നാ-
ലൊക്കാ, ശുദ്ധിക്കു ഭക്തിപ്രബലതയതുതാൻ
    മുഖ്യമെന്നാപ്തവാക്യം
തൃക്കാക്കൽ സർവ്വഭാരങ്ങളുമടിയനുഴി-
    ഞ്ഞിട്ടു കൈകൂപ്പിടുന്നേൻ
ചിൽക്കാമ്പേ! ഭക്തിഭാരം പകരമിവനില-
    പ്പിക്കണേ ചക്രപാണേ! ൰൪

വിത്തന്മാർ വേദശാസ്ത്രങ്ങളിലവർ ചിലരോ
    കർമ്മമാർഗ്ഗത്തിൽ നിൽപ്പൂ
ചിത്തത്വം തേടമാറില്ലഖിലസമയവും
    ശാസ്ത്രവാദം നടത്തും

മത്തന്മാർ വന്ധ്യയാം ഗോവിനെയൊരുതൊരമി-
 ല്ലാതെ പോററുന്നു; നോക്കു
ഹന്തേ! സൂക്ഷിക്ക; നാവേ! പിഴ പിണയരുതേ;
 നാമഗാനം വിടൊല്ലേ. ൪൦

ചൊല്ലാളും ജന്മകർമ്മാദികളതിസുഖദം
 വാഴ്ത്തിടാം കേട്ടിടാം ഞാ-
നെല്ലാക്കും പ്രീതി ചേക്കും തിരുവുടലനിശം
 ഹത്തിലോക്കാം നമിക്കാം
എല്ലാംബന്ധങ്ങളും തീക്കണമിനിയൊരു പെ-
 ററമ്മ പോററുന്ന കാര്യം
മല്ലാരേ! സങ്കടംതാനിതിനൊരു വഴിയു-
 ണ്ടാക്കണം കാക്കണം മാം. ൪൧

ആരാണെങ്ങെന്തുമട്ടാണൊരുപിടിയിവനി-
 ല്ലെന്നിരുന്നാലുമുള്ളം
തീരാഞ്ഞുല്ലസിച്ചു തൃക്കാലിണപണിയുമഹം
 കൃഷ്ണ! വൃഷ്ണീന്ദ്ര! വിഷ്ണോ!
പോരാ ഞാൻ ഭക്തവർഗ്ഗത്തെയുമവരരുളും
 പുണ്യദേശത്തെയും നിൻ
പേരായ്സ്ഥാപിച്ച ദിവ്യപ്രതിമകളവയും
 കൈതൊഴാം കൈടഭാരേ! ൪൨

പൂജിക്കാം പുഷ്പമാല്യം; പ്രതിമയെയടിയൻ
 ധൂപദീപങ്ങളാലേ
രാജിപ്പിക്കാം, നമിക്കാം, കലിമലമകലും
 സ്തോത്രജാലം ജപിക്കാം
ഭ്രാജിഷ്ണോ! ഭക്തിയാലെന്നുടലിലിളകണം
 രോമഹർഷം സദാ, ഞാൻ
യോജിക്കേണം ഭവാനാ; യഴിയണമടിയ-
 ത്തിൻെറ സംസാരബന്ധം. ൪൩

കണ്ണിൽ കാണുന്നതെല്ലാമയി! തവ കമലാ-
ലാളിതം യോഗിമൃഗ്യം
വർണ്ണിക്കത്തക്കതല്ലാത്തൊരു തിരുവുടലാ-
ൾത്തോന്നുവാനുള്ള ഭാഗ്യം
ദണ്ഡിപ്പിക്കാർക്കു കല്പിച്ചരുളണമിനിമേൽ
ജീവജാലങ്ങളിങ്ങീ-
മണ്ണിൽ കണ്ടാൽ ഭവാനെന്നിവനവയെ വലം-
വെച്ചു വന്ദിച്ചുകൊള്ളാം. ൧൯

ചൊല്ലാളും ശുകനാരദാദികൾ തിര-
ഞ്ഞിടുന്നൊരൻപ് ഭക്തിതാൻ
മല്ലാരേ! തിരുവുള്ളമുള്ളൊരിടയ-
പ്പെണ്ണുങ്ങളിൽ കാൺമൂ ഞാൻ
ചൊല്ലാമാക്കയിൽവാണിമാരുടെ വെറും
ദാസർക്കു ദാസ്യത്തിനും
ചൊല്ലാൻ സംഗതിവന്നതില്ലടിയനാ-
സ്സത്ഭക്തി നീ നല്കണം. ൨൦

വേദത്തിൻ പൊരുളാപ്പുരാണനിധിപ്പൂ-
മങ്കക്കു പുണ്യപ്രദം
മോദം ചേർപ്പൊരു വസ്തു മൂന്നുലകിനും
മാമൂലമായുള്ള നീ
സാദം വിട്ടൊരു ഭട്ടപാദമുനിയെ-
ക്കൈക്കൊണ്ടു വാഴിച്ച തൃ-
പ്പാദപ്പൂന്തണലിൽ പ്രവേശമിവനും
കല്പിക്ക ചിൽബ്രഹ്മമേ! ൨൧

നടുവത്തു മഹൻനമ്പൂരി.

# സ്ത്രീകളും സഹകരണവും

ലോകതലത്തിൽ ഇന്നു കാണുന്ന സാമ്പത്തികമായും സാമുദായികമായും ഉള്ള സകല അഹിതങ്ങളേയും പാടെ വിപാടനം ചെയ്വാൻ സഹകരണപ്രസ്ഥാനത്തെപ്പോലെ ഇത്ര നന്നല്ല മറെറാന്നും എന്നുള്ള തത്വം സുവിദിതമായ ഒന്നാണ്. പരസ്പരം സഹായിപ്പാനുള്ള ബുദ്ധി മനുഷ്യഹൃദയത്തിൽ എപ്പോൾ അങ്കുരിക്കുന്നുവോ, അതോടൊപ്പംതന്നെ തട്ടിശി പരസ്നേഹം വളരുകയും അപ്പോൾ ധന്യോഹമെന്നും മാന്യോഹമെന്നും മററുമുള്ള അഹങ്കാരശതങ്ങളാൽ തരളിതമായി വർത്തിക്കുന്ന മനുഷ്യഹൃദയം ശാന്തമായി സദാചാരസമ്മിളിതമായ സാഹോദര്യപ്രഭ നാടൊക്കെ പരത്താതിരിക്കയില്ലെന്നു വ്യക്തമായി പറയാം. സഹകരണപ്രസ്ഥാനത്തിൻെറ അന്തർലീനമായി വർത്തിക്കുന്ന ഒരു ഗുണവിശേഷമാകുന്നു സമത്വം എന്നു പറയുന്നതിലും ഒട്ടും തെററുണ്ടെന്നു തോന്നുന്നില്ല.

സഹകരണം എന്ന വാക്കിൽനിന്നുതന്നെ ധ്വനിക്കുന്നു, അത് ഒരു പ്രത്യേകവ്യക്തിയുടേയോ സമുദായത്തിൻേറയോ അഥവാ അതിൻെറ ഒരു പ്രത്യേകഭാഗത്തിൻേറയോ തനിച്ചായുള്ള ഒരു സ്വത്തല്ലെന്ന്. സഹകരണപ്രസ്ഥാനം അനുഷ്ഠിക്കുന്നതിൽ ഒട്ടു ചിലരെ വേർതിരിച്ചുനിറുത്തുന്നത് ഒട്ടും ഹിതമല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അപ്രകാരം ചെയ്യുന്നതായാൽ പാവനമായ സഹകരണത്തിൻെറ മാഹാത്മ്യവും മനോഹാരിത്വവും പാടെ ശൂന്യമായിപ്പോയി എന്നുവേണം പറയുവാൻ. "സകലരേയും സ്വീകരിക്കുകയും യാതൊരാളേ

യും തിരസ്കരിക്കാതിരിക്കുകയും ചെയ്യുക'' എന്നുള്ള മഹദ്വാക്യമത്രെ സഹകരണത്തിൻെറ ശരിയായ ആദശം. ആദശ്പരമായ ആ വാക്യത്തിൽ അന്തർലീനമായിരിക്കുന്ന ആശയത്തെ അണുമാത്രവും ലോപം വരാതെ അനുസരിച്ചാൽ അതിൽപരം ഒരു ഗുണം ലോകത്തിന്നു വരാനില്ല.

കാൎയ്യമിങ്ങിനെയൊക്കെയാണെങ്കിലും സഹകരണപ്രസ്ഥാനത്തിൽ നമ്മുടെ ഭാരതീയസഹോദരികൾക്ക് ഒരു ഗണ്യമായ സ്ഥാനം കൊടുത്തുകാണാത്തത് സ്വല്പം ശോചനീയമായ ഒരുവസ്ഥയാണെന്നു പറയാതെ തരമില്ല. സാമുദായികത്തറവാട്ടിൽ സ്ത്രീകൾക്കുള്ള ഗണ്യമായ നിലയെന്തെന്ന് അല്പമൊന്ന് ആലോചിച്ചാൽ മതി, സഹകരണപ്രസ്ഥാനത്തിലും അവൎക്കുള്ളതോ, അഥവാ ഉണ്ടാകേണ്ടതോ ആയ നിലയും വിലയും എത്രമാത്രമുണ്ടെന്നു ശരിയായി മനസ്സിലാക്കുവാൻ. അവൎക്കു സ്വായത്തമായുള്ള ആ അവകാശത്തെ ചവിട്ടിത്തേക്കുവാൻ തുനിയുന്ന ഭാവനാഭരിതരല്ലാത്ത നരന്മാർ സമുദായത്തെത്തന്നെ പരോക്ഷമായി ചവിട്ടിത്താഴ്ത്തുകയാണെന്നുകൂടി അറിഞ്ഞിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. "പാതിയും മനുഷ്യനു ഭാൎയ്യയെന്നറിഞ്ഞാലും''എന്നും"ഒരുത്തനായാൽ ഒരുത്തി വേണം''എന്നും മററുമുള്ള സുപ്രസിദ്ധപുരാണസൂക്തങ്ങൾ സാമുദായികഘടനയിൽ സ്ത്രീകൾക്കുള്ള സ്ഥാനത്തെ ചൂണ്ടിക്കാണിച്ചുതരികയല്ലയോ ചെയ്യുന്നത് ? സാമുദായികവളൎച്ചയ്ക്കു സ്ത്രീകളുടെ സാന്നിദ്ധ്യം എത്രമേൽ ആവശ്യമാണോ, അതേവിധംതന്നെയാണ് തൽപുരോഗമനത്തിനും അവരുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമായിട്ടുള്ളത്. സ്ത്രീകളെ 'അടുക്കളമൂത്തി'കളായി തള്ളിയിട്ട്

അവരുടെ സ്വതസ്സിദ്ധമായ ഭാവനയെ കെടുത്ത ശേഷം അവരെ വെറും 'അബലകൾ' എന്നഭിസംബോധനം ചെയ്താൽ കാൎയ്യമാകുമോ?

ഭാരതേതരരാജ്യങ്ങളിൽ സഹകരണപ്രസ്ഥാനത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം മാന്യമായ ഒന്നാണെന്നു പറയേണ്ടിയിരിക്കുന്നു. റഷ്യ ജപ്പാൻ മുതലായ രാജ്യങ്ങളിൽ അവർ അത്ഭുതപൂൎവ്വമായ ഉണൎവ്വോടും ഉശിരോടും കൂടെ ഒത്തൊരുമിച്ചു വേല ചെയ്തു സാമുദായികക്ഷേമത്തിനായി പ്രയത്നിക്കുന്നതു കാണുമ്പോൾ ഏതൊരു മാന്യയായ 'മേടസ്ഥിത'യ്ക്കാണിന്നു നാണമാകാത്തത്? ഇംഗ്ലണ്ട് പരന്ത്രീസ് മുതലായ രാജ്യങ്ങളിലും ഒട്ടധികം സ്ത്രീകൾ സഹകരണപ്രസ്ഥാനച്ചേരിയിൽ അരയും തലയും മുറുക്കി രണാങ്കണത്തിലിറങ്ങിപ്പൊരുതി വിജയം നേടുന്നുണ്ട്. അദ്ദിക്കിൽ അവർ 'പെയ്യാനും വിളമ്പാനും' മാത്രമല്ല 'വില്ലാനും വാങ്ങാനും' കൂടി പഠിച്ചിട്ടുള്ളതിനാൽ അവരുടെ നില ദൈനംദിനം ഉൽക്കൎഷത്തെ പ്രാപിച്ചുവരികയാണ്. സഹകരണക്കളരിയിൽവെച്ചു പഠിച്ച 'കയ്യാങ്കളി' അവരുടെ രാഷ്ട്രീയസമത്വത്തിന്നും ഒട്ടേറെ നിദാനമായിത്തീൎന്നിട്ടുണ്ട്.

സഹകരണപ്രസ്ഥാനത്തിൻെറ സകലതുറകളിലും പയററിയിട്ടുള്ള ദേഹവും ആ വിഷയത്തെപ്പററി ഉപരി ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ആളുമായ റസൽ എന്ന വിദ്വാൻ സഹകരണപ്രസ്ഥാനത്തിൽ സ്ത്രീകൾക്കു ഗണ്യമായ ഒരു സ്ഥാനമുണ്ട് എന്നുള്ള പക്ഷക്കാരനാണ്; അതിനെ അദ്ദേഹം ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായി മാത്രം നോക്കുന്നതായാൽ സ്ത്രീകളിൽ പല തെററുകളും കുററങ്ങളും കണ്ടേക്കാമെങ്കിലും ഒരു സമുദായത്തിൻെറ ആകപ്പാടെയുള്ള സ്വഭാവരൂപീ

കരണത്തിനും സമ്യക്കായ വളൎച്ചയ്ക്കും അവരുടെ സഹകണസമന്വിതമായ പ്രവൃത്തി ചിലപ്പോൾ പുരുഷന്മാരുടേതിനെക്കാൾ അധികമായ ഗുണം ചെയ്യുമെന്നത്രെ അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളത്. പുറത്തു ഇരുപതാം നൂററാണ്ടിലെ പ്രകടിപ്പും ഗൃഹാന്തൎഭാഗത്തു ചെന്നാൽ പതിനഞ്ചാംനൂററാണ്ടിലെ പ്രവൃത്തിയും വെച്ചുകൊണ്ടിരുന്നാൽ അതുകൊണ്ടു സ്ഥായിയായ യാതൊരു ഫലവും സിദ്ധിക്കയില്ലെന്നു മാത്രമല്ല പുരോഗമനസന്നാഹത്തിന്ന് അതൊരു പ്രതിബന്ധമായിത്തീരുകയും ചെയ്യും.

സഹകരണത്തിന്റെ ആദ്യപാഠങ്ങൾ അധിഗമിക്കുവാനുള്ള എഴുത്തുപള്ളി ഗൃഹമാണെന്നുതന്നെ പറയാം. നമ്മുടെ അസ്തിത്വംതന്നെ സഹകരണത്തെ ആശ്രയിച്ചാണിരിക്കുന്നതെന്നു സദാപി നാം ഓൎമ്മവെക്കേണ്ടതാണ്. ഇന്നത്തെ സാമുദായികനിലയും സ്ത്രീകളെ സഹകരണപ്രസ്ഥാനത്തിലേക്കു വഴികാണിക്കുകയാണ് ചെയ്യുന്നത്. സഹകരണംകൊണ്ട് അവൎക്കും തദ്വാരാ സമുദായത്തിനും സിദ്ധിക്കുന്ന ഗുണങ്ങൾ അപരിമിതമത്രെ! ഭാരതത്തിലെ സഹകരണപ്രസ്ഥാനനഭോമണ്ഡലത്തിൽ ഒരു ഉജ്വലതാരമായി വിലസി ഇയ്യിടെ അസ്തമിച്ച 'ദേവധാർ'തന്നെ സഹകരണപ്രസ്ഥാനത്തിൽ സ്ത്രീകൾ ധാരാളമായി അഹമഹമികയാ ചേൎന്ന് അതിനെ പൂൎവ്വാധികം പുഷ്ടിപ്പെടുത്തണമെന്നുള്ള അഭിപ്രായക്കാരനാണ്. അവരിൽ സ്ഥിതിചെയ്യുന്ന അസമത്വത്തിന്റേയും അസ്വാതന്ത്ര്യത്തിന്റേയും വിപാടനത്തിനു സഹകരണപ്രസ്ഥാനത്തെപ്പോലെ ഇത്ര നല്ലൊരു ആയുധം മററില്ലത്രെ! സ്ത്രീസഹജമായ ആശയങ്ങളും ആവശ്യങ്ങളും അറിഞ്ഞ് അതിനുതകുന്നവിധം പ്രവൎത്തിക്കുവാനും ഇത്തരം പ്രസ്ഥാനങ്ങൾ അത്യധികം ഉ

പകരിക്കുന്നതാണ്. സ്ത്രീകൾ സഹകരണപ്രസ്ഥാനത്തെ സകൗതുകം സഹായിക്കുന്നതായാൽ അതിൽനിന്നുണ്ടാകുന്ന ഗുണഗണങ്ങൾ അതിവിപുലവും മനോഹരവുമാവാതിരിക്കയില്ല.

മുടല്ലാത്ത് വി. നാരായണമേനോൻ.

## * കാക്കപ്പൊന്നും സ്വപ്നവും

കല്ക്കത്തായിലെ ഒരു വീതികുറഞ്ഞ തെരുവിലെ ഒരു വീടാണ് അത്. അതിൻെറ ഒന്നാംനിലയിൽ ഒരു കുടുംബവും രണ്ടാംനിലയിൽ വേറൊരു കുടുംബവുമായിരുന്നു താമസിച്ചിരുന്നത്. രണ്ടാംനിലയിൽ താമസിച്ചിരുന്നവർ മററവരെ അത്ര ഗണിച്ചിരുന്നില്ല. അവർ അവരോടു ദുർല്ലഭമായിട്ടേ സംസാരിച്ചിരുന്നുള്ളു. യദൃച്ഛയാ കണ്ടുമുട്ടിയാൽതന്നെ അവർ അവരെ തിരിഞ്ഞുനോക്കാതെ പോകും.

താഴത്തെ നിലയിൽ രണ്ടു ചെറിയ മുറിയും അവയിലും ചെറുതായ ഒരു അടുക്കളയും മാത്രമെയുണ്ടായിരുന്നുള്ളു. ഒരു ചെറുപ്പക്കാരി അടുക്കളയിലിരുന്നു ബാർളിവെള്ളമുണ്ടാക്കുകയായിരുന്നു. കുറെ കാസ്റ്ററി വെച്ചിരുന്ന ഒരു പിച്ചളപ്പാത്രം അവളുടെ അടുക്കൽ വെച്ചിരുന്നു. കുറെ അകലെയായി ഒരു പാത്രത്തിൽ കുറെ അരിയുമുണ്ടായിരുന്നു.

മുറിയുടെ ഉള്ളിൽനിന്ന് അപ്പോൾ ഒരു വ്യസനസൂചകമായ ശബ്ദം കേൾക്കാറായി "അമ്മെ! ഇനിയും എത്രനേരമാകും. എനിക്കു വല്ലാതെ വിശക്കുന്നു."

* ശ്രീമതി സീതാദേവി മോഡേൺറിവ്യൂവിൽ പ്രസിദ്ധപ്പെടുത്തിയ കഥയുടെ ഏകദേശ തർജ്ജമ.

അപ്പോൾ അമ്മ “ഇതാ തെയ്യാറായി. ഒരു രണ്ടു മിനിട്ടിലകം ആകും” എന്നു പറഞ്ഞു. പിന്നെ തന്നെ ത്താൻ ഇങ്ങിനെ പിറുപിറുക്കുവാൻതുടങ്ങി “അവന്നു കുറെ പാലുകൂടി കൊടുക്കാൻ എനിക്കു സാധിക്കുന്നില്ല. ഒരു സുഖക്കേടുള്ള കുട്ടി ഇങ്ങിനെ വെറും വെള്ളവും കഴിച്ച് എത്രദിവസംതന്നെ കഴിച്ചുകൂട്ടും. എന്നെപ്പോലെ നിർഭാഗ്യയായിട്ടാരെങ്കിലും ഉണ്ടോ?”

അപ്പോൾ പത്തുപതിനൊന്നു വയസ്സു പ്രായമുള്ള ഒരു പെൺകുട്ടി അടുക്കളയിലേക്ക് ഓടിവന്ന് ഇങ്ങിനെ പറഞ്ഞു “അമ്മെ! നൃത്തു കരയുന്നു. എനിക്കും വിശക്കുന്നുണ്ട്. വല്ലതും തരാനുണ്ടോ?”

അപ്പോൾ അമ്മ വ്യസനസമേതം ഇങ്ങിനെ പറഞ്ഞു “അതാ ആ പാത്രത്തിൽ നോക്കു. അതിൽ കുറെ മലരുണ്ടായിരുന്നു. ഈ പലഹാരം നിൻെറ അച്ഛന്നുവേണ്ടി ഉണ്ടാക്കിയതാണ്. നിനക്കു തരാൻ നിവൃത്തിയില്ല. ഇതാ ഈ ബാർളിവെള്ളം ഞാൻ കൊണ്ടുപോയി നൃത്തുവിന്നു കൊടുത്തിട്ടുവരാം.”

ആ പെൺകുട്ടി പാത്രത്തിൽ നോക്കിയപ്പോൾ അതിൽ കുറെ മലർ കണ്ടു. അതിനെ ഒരു ചെറിയ പാത്രത്തിലാക്കി തിന്നുവാൻ തുടങ്ങി. പിന്നെ അമ്മയോടു “കുറെ ശർക്കരപ്പാവു തരുമോ അമ്മെ”എന്നു ചോദിച്ചു.

“ഇതാ കുറെയുണ്ട്. അതു നിൻെറ അച്ഛന്ന് ഇരിക്കട്ടെ. ഈ മുളകും കുറെ എണ്ണയും എടുക്കു. അതു കൂട്ടി തിന്നാൽ മലർ സ്വാദുണ്ടാകും.” എന്ന് അമ്മ പറഞ്ഞു.

അമ്മയും പെൺകുട്ടിയും ആ സുഖക്കേടുള്ള കുട്ടിയും അച്ഛന്നു കൊടുത്തതു കഴിച്ചു ബാക്കിമാത്രമേ തങ്ങൾക്ക് എടുക്കാവൂ എന്നു മനസ്സിലാക്കിയിരുന്നു. അയാളാണ് സമ്പാദിക്കുന്നവൻ. അതിനെപ്പററി അവക്കു

യാതൊരു ആക്ഷേപവും ഉണ്ടായിരുന്നില്ല. അവക്ക് എന്തു കിട്ടിയാലും അവരതു ഭക്ഷിക്കും. നൃത്തുവിന്നു യാതൊന്നും കിട്ടിയില്ലെങ്കിൽ അവൻ കരയും. പക്ഷെ കുന്തിക്കു കുറെക്കൂടി പ്രായമായിരുന്നതുകൊണ്ട് അവൾ അമ്മയുടെ സങ്കടം മനസ്സിലാക്കി മുഖം താഴ്ത്തി ഇരിക്കും. അവളുടെ അമ്മ 'ശശിമുഖി' ഒരു അടിമയെപ്പോലെ രാപ്പകൽ പണിയെടുക്കുകയും സുഖക്കേടുള്ള മകനെ നോക്കുകയും, ഭൎത്താവിന്റെ ശകാരമെല്ലാം മൌനമായി കേട്ടു സഹിക്കുകയും ചെയ്തിരുന്നു. ചിലപ്പോൾ ശകാരം കേട്ടു സഹിക്കാതെയാകുമ്പോൾ അവളും വല്ലതും മറുപടി പറയും. പക്ഷെ അതുകൊണ്ടു യാതൊരു ഗുണവും ഉണ്ടാകാറില്ല. അവൾ അടുപ്പിൽനിന്നു ബാൎളിവെള്ളം എടുത്ത് അത് ഒരു കിണ്ടിയിൽ ഒഴിച്ചു പിന്നെ മകളോടു “കുറെ പഞ്ചസാര തരു. ആ കൊട്ടയിൽ ചെറുനാരങ്ങയുണ്ടോ എന്നു നോക്കൂ” എന്നു പറഞ്ഞു. കുന്തി ചോദിച്ചു. “അതിലെങ്ങിനെ ഉണ്ടാകും. ഇന്നു രാവിലെയല്ലെ അമ്മ ഒടുവിലത്തെ കഷണം എടുത്തത്.”

ശശിമുഖി ബാൎളിവെള്ളത്തിൽ കുറെ പഞ്ചസാര ഇട്ട് ഒരു നെടുവീപ്പിട്ടുകൊണ്ട് എണീററു. പിന്നെ കുന്തിയോടിങ്ങിനെ പറഞ്ഞു. “നീ അതു തിന്നുകഴിഞ്ഞാൽ അരി അടുപ്പത്തു കയററണം. ഞാൻ അവന്നു വെള്ളം കൊടുത്തു മുറിയൊന്ന് അടിച്ചുവാരട്ടെ. അച്ഛൻ വരാറായി.”

കുന്തി തലയാട്ടി. വായിൽ മലരുണ്ടായിരുന്നതുകൊണ്ട് അവൾക്കു സംസാരിപ്പാൻ സാധിച്ചില്ല. ആ കുട്ടി ചെറുപ്പമാണെങ്കിലും അവളുടെ അമ്മയെ അവൾ സഹായിച്ചിരുന്നു. അല്ലെങ്കിൽ ശശിമുഖിക്കു തനിയെ വീട്ടുജോലികൾ ചെയ്യാൻ സാധിക്കില്ലായിരുന്നു. നൃത്തു

വിന്നു് എപ്പോഴും സുഖക്കേടുണ്ടായിരുന്നതുകൊണ്ടു് അവളുടെ അധികസമയവും അവനുവേണ്ടി ചിലവാക്കേണ്ടിവന്നിരുന്നു.

അമ്മ വരുന്നതു കണ്ടപ്പോൾ ദാമു "പോകിൻ. എനിക്കൊന്നും വേണ്ട. ഇത്ര വൈകിയതു് എന്തുകൊണ്ടാണു്" എന്നു ഉറക്കെ പറഞ്ഞു.

ശശിമുഖി അവനോടു നല്ലവാക്കു പറഞ്ഞുതുടങ്ങി. "എൻെറ ഓമനെ! നേരമായിട്ടില്ല. ദിവസം ഈ നേരത്തല്ലെ ഇതു തരുന്നതു്. നിൻെറ അച്ഛൻ ഇതുവരേയും മടങ്ങിവന്നിട്ടില്ലല്ലൊ."

ദാമു എണീററിരുന്നു. "ഇന്നു് അച്ഛൻ എനിക്കു ബിസ്കററു കൊണ്ടുവന്നുതന്നിട്ടില്ലെങ്കിൽ ഞാൻ ഇവിടെ എന്തെല്ലാം ലഹളകൂട്ടുമെന്നു നിങ്ങൾക്കറിയാമൊ. ദിവസം അച്ഛൻ എന്നോടു കൊണ്ടുവന്നുതരാമെന്നു പറഞ്ഞു് എന്നെ വിശ്വസിപ്പിക്കുകയാണു്. ഇന്നു് അച്ഛൻെറ ചക്കരവാക്കൊന്നും ഞാൻ കേൾക്കില്ല."

ശശി യാതൊരു മറുപടിയും പറഞ്ഞില്ല. അവൾ മുക്കിൽനിന്നു ചൂലെടുത്തു മുറി അടിച്ചുവാരുവാൻ തുടങ്ങി. രണ്ടു മുറിയും ചെറുതാണെന്നു പറഞ്ഞുവല്ലൊ. അവ കണ്ടാൽ അവരുടെ ദാരിദ്ര്യം എത്രത്തോളമുണ്ടെന്നു് ആൎക്കും അറിയാം. മുറിയുടെ മദ്ധ്യത്തിൽ ഒരു മരക്കട്ടിലും. ഒരു മൂലയിൽ തുണികളിടുവാനായി ഒരു മരച്ചട്ടവും മാത്രമേ അതിലുള്ളു. ചുമരിന്മേൽ രണ്ടു കലണ്ടറും. മരക്കൂടിട്ട ഒരു കണ്ണാടിയും തൂക്കിയിരുന്നു. കിടക്ക, തുണി മുതലായതെല്ലാം ഒരുപോലെ മുഷിഞ്ഞും കീറിയും ഇരുന്നു. മുറിയിൽ ചെറുതായ രണ്ടു ജനാലുകൾ മാത്രമേ ഉള്ളു. അവൾ രണ്ടു മുറിയും അടിച്ചുവാരി കുപ്പ ഒരു കടലാസിൽ പൊതിഞ്ഞു് അവൾ പുറത്തേക്കിട്ടു. പിന്നെ

മുറിയിൽ യാതൊന്നും ചെയ്യാതെ അവൾ അടുക്കളയിലേക്കു പോയി. കുന്തി അരിക്കലം അടുപ്പത്തുകയററി അരി കഴുകുകയായിരുന്നു. അപ്പോൾ അമ്മ പറഞ്ഞു "നീ പോയി നൃത്തുവിനോടു വല്ലതും സംസാരിച്ചുകൊണ്ടിരിക്കു, ഞാൻ ഈ പണി നോക്കിക്കൊള്ളാം."

രണ്ടാം നിലയ്ക്കു പോകുന്ന കോണി അടുക്കളയിൽ നിന്നു നോക്കിയാൽ കാണാമായിരുന്നു. ഒരു ചെറുപ്പക്കാരൻ മുകളിലേക്കു കയറുകയായിരുന്നു. അവൻെറ പിന്നാലെ ഒരു ഭൃത്യൻ ഒരു പെട്ടിയും എടുത്തു കയറിയിരുന്നു. അപ്പോൾ കുന്തി പറഞ്ഞു "നോക്കിൻ അമ്മേ! അയാൾ മധുരപലഹാരം വില്ക്കാൻ വരികയാണ്. ഇങ്ങിനെ ചെയ്യുന്നതെന്തിനാണ്. അയാളൊരു മൎയ്യാദക്കാരനല്ലെ. പിന്നെ ശമ്പളത്തിന്ന് എവിടെയെങ്കിലും പണി എടുക്കാത്തതെന്താണ്."

അമ്മ പറഞ്ഞു. "അയാൾക്കു നല്ല സമ്പാദ്യമുണ്ട്. ഉദ്യോഗം എല്ലാവരും എവിടെയാണ് എടുത്തുവെച്ചിരിക്കുന്നത്. ഭിക്ഷതെണ്ടുന്നതിനെക്കാൾ നല്ലതു മൎയ്യാദയായ വല്ല ജോലിയും ചെയ്തു സമ്പാദിക്കുന്നതല്ലേ."

ആ ചെറുപ്പക്കാരൻ കോണി പകുതി കയറിയപ്പോൾ അവിടെ നിന്നു. ഒരു സമയം അമ്മയുടേയും മകളുടേയും സംഭാഷണം അവൻ കേട്ടിരിക്കും. പക്ഷെ അതു വ്യക്തമായി കേട്ടിരിക്കില്ല. പിന്നെ അവൻ ശശിമുഖിയോട് "അമ്മേ! നിങ്ങൾ പലഹാരം വാങ്ങുന്നോ. പല ജാതിയുമുണ്ട്" എന്നു പറഞ്ഞു.

തൻെറ അമ്മ പലഹാരം വാങ്ങുന്നതു കുന്തി ഒരിക്കലും കണ്ടിട്ടില്ല. തങ്ങൾക്കു പലഹാരം ആവശ്യമില്ലെന്ന അൎത്ഥത്തിൽ അവൾ തലയാട്ടി. അയാൾ അപ്പോൾ മുകളിലേക്കു കയറിപ്പോകുകയും ചെയ്തു. ശശിമു

ഖി വെയ്ക്കുവാൻ തുടങ്ങി. കുന്തി അവളുടെ സഹോദരന്റെ അടുക്കലേക്കും പോയി.

അപ്പോൾതന്നെ കുന്തിയുടെ അച്ഛൻ അതുൽ ആപ്പീസ്സിൽനിന്നു മടങ്ങിവന്നു. അടുക്കളയുടെ വാതില്ക്കൽ വന്നുനിന്ന് അയാൾ "കുറെ വെള്ളം തരു, ഒരാൾ പുറത്തുനില്ക്കുന്നു" എന്നു പറഞ്ഞു. ശശിമുഖി വെള്ളം കൊണ്ടുവന്നു കൊടുത്തു "വല്ല കടക്കാരുമാണോ"എന്നു ചോദിച്ചു.

"അല്ലാതെ ആരാണ്? നമ്മെ വന്നുകാണാനിവരല്ലാതെ പിന്നെ ആരുണ്ട്? ആട്ടെ തിന്നാൻ വല്ലതുമുണ്ടോ" എന്ന് അതുൽ ചോദിച്ചു.

ശശി—"എന്താണുണ്ടാകുക. ഞാനെങ്ങിനെ വല്ലതും ഉണ്ടാക്കും. രണ്ടു പലഹാരം മാത്രം ഇതാ ഉണ്ട്."

അ—"അതു മതി. ഞാൻ അയാളെ അയച്ചിട്ടു വരാം" എന്നു പറഞ്ഞു വെള്ളവും കൊണ്ടുപോയി.

ശശിമുഖി തന്റെ പ്രവൃത്തിയിൽതന്നെ പ്രവേശിച്ചു. മുറിയിൽനിന്നു ഋതുവിന്റെ ലഹളയും കുന്തി അവനെ സമാധാനപ്പെടുത്തുന്നതും അവൾക്കു കേൾക്കാമായിരുന്നു.

അതുൽ അരമണിക്കൂറു കഴിഞ്ഞപ്പോൾ മടങ്ങിവന്നു. പിന്നെ പറഞ്ഞു. "പലഹാരം ഇങ്ങോട്ടു തരു. വിശപ്പുകൊണ്ടാണ് ഞാൻ ഇതു തിന്നുന്നത്. ഇതു മനുഷ്യനു തിന്നാൻ തക്ക ഗുണമുള്ളതല്ല."

ശശിമുഖി യാതൊന്നും പറഞ്ഞില്ല. അവൾ അവന്റെ അടുക്കൽ ഒരു സ്റ്റൂളും ഒരു പാത്രത്തിൽ കുറെ വെള്ളവും വെച്ചുകൊടുത്തു. പിന്നെ പലഹാരം കൊണ്ടുവന്നു. ഒരു പിച്ചളത്താമ്പാളത്തിൽ കുറെ ശർക്കരപ്പാവും ഒഴിച്ചുകൊടുത്തു. അതുൽ അതു ഭക്ഷിക്കാനും തുടങ്ങി.

ന്നു മുറിയിൽകിടന്നു നിലവിളിക്കുവാൻ തുടങ്ങി. "നിങ്ങൾക്കു മാത്രമേ നല്ലതൊക്കെയും തിന്നാൻ പാടുള്ളു. എനിക്കു വെറും ബാർളിവെള്ളം. എന്നോട് എപ്പോഴും നുണയും പറയും."

അതുൽ ഒന്നു പുഞ്ചിരികൊണ്ടു. "വിഡ്ഢി വിചാരിക്കുന്നതു ഞാൻ പിലാവും മാംസവും ഭക്ഷിക്കുന്നുവെന്നാണ്. ഇവർ ജാത്യാതന്നെ വിഡ്ഢികളാണ്.

അമ്മയ്ക്കു ഇതത്ര രസിച്ചില്ല. തൻെറ നിർദ്ദോഷികളായ കുട്ടികളെപ്പററി ഇങ്ങിനെയുള്ള അഭിപ്രായം പറയാമൊ. "അവർ കുട്ടികളല്ലെ. നിങ്ങളെപ്പോലെ ബുദ്ധിയുണ്ടോ? കുന്തി പട്ടിണികിടന്നാലും യാതൊന്നും പറയാറില്ല. ന്നുവന്നു രോഗംകൊണ്ടാണ് ഇങ്ങിനെയെല്ലാം പറയുന്നത്" എന്ന് അവൾ പറഞ്ഞു.

"ഇമ്മാതിരി ആരോഗ്യമില്ലാത്ത കുട്ടികളെ ഞാൻ എവിടെയും കണ്ടിട്ടില്ല. ഞങ്ങളുടെ കുടുംബത്തിൽ എല്ലാവൎക്കും ആരോഗ്യമുണ്ടായിരുന്നു" എന്നു അതുൽ പറഞ്ഞു.

ശശിമുഖിക്കു ദേഷ്യം വല്ലാതെ വന്നു. പിന്നെ പറഞ്ഞു. "ശരി ശരി. ചീത്തയായിട്ടെന്തൊക്കെയുണ്ടോ അതെല്ലാം എൻെറ കുടുംബംവഴിക്കു വന്നതാണ്. പക്ഷെ നിങ്ങളുടെ കുടുംബത്തിൽ വന്നിട്ടുള്ള യാതൊരു സ്ത്രീയും എന്നെപ്പോലെ പണിയെടുത്തിട്ടുണ്ടോ എന്നു സംശയമാണ്."

അതുൽ പലഹാരം തിന്നുകഴിഞ്ഞു. വെള്ളം കുടിക്കാൻ തുടങ്ങി. അതു കഴിഞ്ഞു പാത്രം താഴത്തു വെച്ച് ഇങ്ങിനെ പറഞ്ഞു. "നീയെന്താ ഇന്നു ശണ്ഠയ്ക്ക് ഒരുങ്ങീട്ടാണൊ."

ശശിമുഖി യാതൊന്നും പറഞ്ഞില്ല. മറുപടി പറ

യുവാൻ തുടങ്ങിയാൽ പിന്നെ വാഗ്വാദത്തിന്ന് അവസാനമുണ്ടാകില്ല. ശണ്ഠയും ദീനവും ഇപ്പോൾത്തന്നെ ധാരാളമുണ്ട്. അതുൽ എണീററ് അവിടെനിന്നു പോയി. എങ്കിലും അവൻ അന്നു കുററം പറയുവാൻ തീച്ചയാക്കീട്ടുണ്ടെന്നു തോന്നി. ശശിമുഖിയെ മുറിയിൽ കണ്ടപ്പോൾ അവൻ, "മുറി കുറെ വൃത്തിയിൽ വെക്കരുതൊ എനിക്കു ലജ്ജയാകുന്നു" എന്നു പറഞ്ഞു.

ശശി—മുറി വെടുപ്പാക്കാൻ എന്നെക്കൊണ്ടാകില്ല. ഇമ്മാതിരി ഒരു മുറി പിന്നെ വൃത്തിയാക്കേണ്ട ആവശ്യമെന്താണ്?

അ—"ഒന്നും ചെയ്വാൻ നിന്നെക്കൊണ്ടാകില്ല. ഈയുള്ളവൻ ചത്തും പണിയെടുക്കുന്നുണ്ടെന്നു നീ മനസ്സിലാക്കുന്നുണ്ടൊ. "ഞാനുംഎന്നെക്കൊണ്ടു പണിയെടുക്കാനാകില്ല"എന്നു പറഞ്ഞു വീട്ടിൽതന്നെ ഇരുന്നാലൊ.

ശശി—"ഇഷ്ടംപോലെ ചെയ്യരുതൊ"എന്നു പറഞ്ഞ് അവൾ അവിടെനിന്നു പോയി.

അതുൽ അവളെ പിടിച്ചുനിത്തി ഇങ്ങിനെ ചോദിച്ചു. നീ നിൻെറ എളയച്ഛന്നു കത്തെഴുതിയൊ?

ശശി—ഇല്ല.

അ—എന്തുകൊണ്ട്? നിൻെറ ഭത്താവു പറഞ്ഞാൽ കേൾക്കാൻ മടിയാണൊ?

ശശിമുഖിക്കു മറുപടി പറയാൻ തോന്നി. പക്ഷെ അങ്ങിനെ ചെയ്യാതെ ഇങ്ങിനെ ആലോചിച്ചു പറഞ്ഞു. "എനിക്കു കാർഡൊ കവറൊ കിട്ടിയില്ല. പിന്നെ എങ്ങിനെയാണ് എഴുതുക. ഞാൻ പോട്ടെ അരി വേവാറായി."

അ—"കുന്തിയോട് ആ വിളക്കു കൊണ്ടുവരുവാൻ പറയൂ. നേരം ഇരുട്ടായിത്തുടങ്ങി."

ശശിമുഖി അടുക്കളയിലേക്കു പോയി. കുന്തിയെ വിളക്കുകൊടുത്തു മുറിയിലേക്ക് അയച്ചു. അവൾ ഒരു മണ്ണെണ്ണച്ചിമ്മിണി കുളത്തി. അതു വെളിച്ചത്തെക്കാളധികം പുകയാണ് പുറത്തേക്കു വിട്ടിരുന്നത്. അവൾ തൻെറ പ്രവൃത്തി നോക്കിത്തുടങ്ങി.

ദിവസം ഏകരീതിയിൽതന്നെ കഴിഞ്ഞുപോയിരുന്നു. സാധുക്കളുടെ ജീവിതത്തിൽ അധികം മാററം ഉണ്ടാവില്ലല്ലൊ. ദിവസേന ഒരേ ജോലി. ഒരേ മാതിരി ആഹാരം. ഒരേ മാതിരി സുഖദുഃഖങ്ങൾ. ചിലപ്പോൾ കുട്ടികൾക്കു സുഖമുണ്ടാകും. മററു ചിലപ്പോൾ സുഖക്കേടുമുണ്ടാകും. വേണമെങ്കിൽ ഭാര്യയും ഭർത്താവുമായി ചിലസമയങ്ങളിൽ ശണ്ഠയും ഉണ്ടാകും. ഇതാണ് അവരുടെ ജീവിതരീതി. സന്തോഷമെന്നതില്ല; വല്ല ഗുണവും ഉണ്ടാകുമെന്ന ആശയില്ല; വിനോദമൊന്നുമില്ല. സ്നേഹിതന്മാരുടെ വീട്ടിൽ ചെന്ന് അവരെ കാണുവാൻ അവക്ക് അവസരമില്ല. അവരെ കാണ്മാനും ആരും വരില്ല. പക്ഷെ കുന്തി സമീപത്തുള്ള വീട്ടിൽ പുതുതായി വന്നിട്ടുള്ള വധുവിനെ കാണുവാൻ ഇടയ്ക്കിടെ പോകാറുണ്ട്. അധികദിവസവും അവിടെ പോകേണമെന്ന് അവൾ വിചാരിച്ചിരുന്നു. പക്ഷെ ആ വീട്ടിലെ വൃദ്ധ തൻെറ മരുമകളോടു പുറമെ ഉള്ളവരായി അധികം സംസാരിപ്പാൻ സമ്മതിച്ചിരുന്നില്ല.

പിറെറന്നു രാവിലെ അതുൽ ആപ്പീസ്സിലേക്കു പോകുവാൻ പുറപ്പെട്ടു. അവൻ ഉണ്ണുവാൻ ഇരുന്നപ്പോൾ തൻെറ ഭാര്യയോട് ഇങ്ങിനെ പറഞ്ഞു. "ഇതാ നോക്കു. ഒന്നു പറയാനുണ്ട്. നിന്നോടു വല്ലതും പറഞ്ഞാൽ എൻെറ കണ്ണു തോണ്ടിക്കളയും. അതാണ് നിൻെറ മാതിരി. ഇപ്പോൾ എൻെറ സ്ഥിതി വളരെ കഷ്ടത്തിലാണ്. ഉദ്യോഗംകൂടി പോകുമെന്നാണ് തോന്നുന്നത്."

ഇതു കേട്ടപ്പോൾ ശശിമുഖിയുടെ മുഖം ഭയംകൊണ്ടു വിളൎത്തു. ഇപ്പോൾതന്നെ അവർ വേണ്ടുവോളം സങ്കടം അനുഭവിക്കുന്നുണ്ട്. അതു ദൈവത്തിനു മാത്രമേ അറിയാവൂ. ഇതിനുപുറമെ അതുലിന്റെ ജോലിക്കുടി പോകുന്നതായാൽ പിന്നത്തെ ഗതി പട്ടിണിയും മരണവും തന്നെയാണ്. പിന്നെ അവൾ "എന്താണ് സംഗതി" എന്നു ചോദിച്ചു. അതുൽ പറഞ്ഞു; "ന്യത്തു കഴിഞ്ഞ കൊല്ലം സുഖക്കേടായി കിടന്നപ്പോൾ ഞാൻ ഒരു മാർവാരിയുടെ കയ്യിൽനിന്നു മുന്നൂറുറുപ്പിക കടം വാങ്ങിയില്ലേ. അവന്ന് ഇതുവരെ പലിശക്കൂടി കൊടുപ്പാൻ എനിക്കു സാധിച്ചിട്ടില്ല. ഇതാ ഇപ്പോൾ മുതലും പലിശയുംകൂടി നാനൂറുറുപ്പിക കൊടുപ്പാനുണ്ട്. ഇനി അവൻ കാത്തിരിക്കില്ല. അന്യായം കൊടുക്കുമെന്നു പറയുന്നു. അന്യായം എന്റെ പേരിൽ വിധിക്കും നിശ്ചയമാണ്. എന്റെ ശമ്പളം ജപ്തിചെയ്താൽ പിന്നെ എന്റെ കാൎയ്യമെല്ലാം പരുങ്ങലായി. എന്റെ മേലധികാരി ഇമ്മാതിരി സംഗതികളിൽ വളരെ നിഷ്കൎഷയുള്ളവനാണ്. ഇതേ കുറ്റത്തിന്മേൽ കഴിഞ്ഞ കൊല്ലം അദ്ദേഹം ഒരാളെ തീരെ പിരിച്ചു. പിന്നെ എന്നെ വെറുതെ വിടുമോ?"

ശശിമുഖിയുടെ നയനങ്ങളിൽനിന്ന് അശ്രുധാര ഒഴുകിത്തുടങ്ങി. പിന്നെ പറഞ്ഞു. "ഇതെന്തൊരു കഷ്ടകാലമാണ്. നമ്മുടെ കാൎയ്യം പിന്നെ എന്താകും? നൂറുറുപ്പികയെങ്കിലും ഉണ്ടാക്കാമെന്നുവെച്ചാൽ പണയംവെക്കാൻ നമ്മുടെ പക്കൽ യാതൊന്നുമില്ലല്ലോ. അമ്മ കുന്തിക്കു കൊടുത്ത ഒരു ചെറിയ സ്വൎണ്ണച്ചങ്ങലമാത്രമേ എന്റെ പക്കലുള്ളു. അതുവിറ്റാൽ ഏറിയത് അറുപതോ എഴുപതോ ഉറുപ്പിക കിട്ടുമായിരിക്കും. അതുകൊണ്ട് എന്തുതന്നെ ആകും."

അ—അതു കൊടുത്താൽ അവൻ ഒരു മാസംകൂടി കാക്കും. അതു കഴിഞ്ഞാൽ പിന്നെ എന്താ? സന്നാംസന്നമായി കൊടുക്കുവാൻ തീൎച്ചപ്പെടുത്തിയാൽ ഒരുപക്ഷേ അവൻ അതിന്നു വഴിപ്പെടും. അതിന്നും നിവൃത്തിയില്ലല്ലൊ. നിന്റെ ജ്യേഷ്ഠന്ന് എഴുതുകയല്ലാതെ വേറൊരു വഴിയും ഇല്ല. നീ എഴുതുകതന്നെ വേണം. അയാൾ ഭൌവാഹിപുരത്തിലാണല്ലൊ താമസിക്കുന്നത്. അതു ദൂരെയൊന്നുമല്ല.”

ശശിമുഖിയുടെ മുഖം പിന്നെയും വിഷാദംകൊണ്ടു വിവൎണ്ണമായി. പിന്നെ കുറെ ആലോചിച്ചതിന്നുശേഷം ഇങ്ങിനെ പറഞ്ഞു. “അവർ നമ്മെ ഗണിക്കാത്തവരല്ലെ. അവൎക്ക് എങ്ങിനെയാണ് എഴുതുന്നത്.”

അബ്ദുല്ലിന്നു ദേഷ്യം വല്ലാതെ വന്നു. “യാചിക്കുന്നവർ കിട്ടിയതുകൊണ്ടു തൃപ്തിപ്പെടണം. എന്റെ ഉദ്യോഗം പോയാൽ നിന്റെ ഈ അഹംഭാവം ബാക്കിയായി ഇരിക്കുമോ. നീ തെരുവിലിറങ്ങി യാചിക്കേണ്ടിവരും. ആയുധപൂജയും ‘സഹോദരോ’ത്സവവും ഇതാ എത്തിക്കഴിഞ്ഞു. പുതിയ സ്നേഹം ഉണ്ടാക്കിയാൽ നമുക്കു ഗുണമാണ്. അയാൾ നല്ല ശീലത്തോടുകൂടി ഇരിക്കുമ്പോൾ നീ ഈ വിഷയത്തെപ്പറ്റി പതുക്കെ പറയണം. ഒരു സമയം ഒരു തുക കിട്ടിയെന്നുംവരും. അയാൾ ആകപ്പാടെ നല്ലൊരുത്തനാണ്. നിന്റെ ഡംഭു കാണാൻ വയ്യന്നെയുള്ളു. ഒരു സഹോദരനോടു യാചിക്കുന്നത് ഒരു സ്ത്രീക്ക് അവമാനമല്ല.”

ശശി—“അവരുടെ ഭാൎയ്യ അന്നു നമ്മെ നിന്ദിച്ചു പറഞ്ഞതു നിങ്ങൾ ഇത്രവേഗം മറന്നുവോ.”

അ.—“സാധുക്കളെ എല്ലാവരും നിന്ദിക്കും. അതു ഓൎമ്മവെച്ചിട്ട് എന്തൊരു ഫലമാണുള്ളത്? എന്നെ സ

ഹായിക്കാൻ നീ യാതൊന്നും ചെയ്യില്ല. അതുതന്നെയാണ് കാര്യം. പക്ഷെ തെരുവിലേക്ക് ഇറങ്ങേണ്ടിവന്നാൽ എന്നെ കുററം പറയരുത്.”

ഇങ്ങിനെ പറഞ്ഞ് ഊൺ പകുതിയാക്കി എണീററ് അവിടെനിന്നു പോയി.

ശശിമുഖി കുട്ടികൾക്കു ചോറുകൊടുത്ത് അടുക്കളയുടെ വാതില്ക്കൽ വന്നിരുന്നു. അവൾ തൻെറ ഊൺ തന്നെ മറന്നിരുന്നു. അവൾക്കു ദാരിദ്ര്യവും ബുദ്ധിമുട്ടും വേണ്ടതിലധികം ഉണ്ടായിട്ടുണ്ട്. പിന്നെയും ദൈവം അവളെ പരീക്ഷിക്കുന്നതെന്തിനാണ്? ഇനി ഇത് എത്ര കാലം അനുഭവിക്കണം? തൻെറ ഭർത്താവിൻെറ ഉദ്യോഗം പോയാൽ അവളും കുട്ടികളും എവിടെയാണ് രക്ഷ പ്രാപിക്കുന്നത്? ഇതിലെല്ലാമധികം അവളെ ദുഃഖിപ്പിച്ചതു തൻെറ ഭർത്താവിൻെറ നിർദ്ദയമായ പെരുമാററമായിരുന്നു. അയാളുടെ വിചാരം അവൾ വിചാരിച്ചാൽ തന്നെ സഹായിക്കാനാകുമെന്നായിരുന്നു. തൻെറ ബന്ധുക്കളോടു യാചിക്കുന്നത് അവൾക്ക് എത്രത്തോളം വ്യസനകരമാണെന്ന് അയാൾ ഒന്നാലോചിച്ചാൽ എത്ര നന്നായിരുന്നു. വല്ല ഗുണമുണ്ടാകുന്നതായാൽ അവനുവേണ്ടി അവൾ എത്ര അവമാനവും സഹിക്കും. പക്ഷെ യാതൊരു ഗുണവുമില്ലെങ്കിൽ ആ പ്രവൃത്തി ചെയ്യുന്നതെന്തിനാണ്? യാചിച്ചാൽ യാതൊരു ഗുണവും ഇല്ലെന്നു ഭർത്താവിനോടു പറഞ്ഞാൽ അത് അയാൾക്കു തലയിൽ കേറുന്നതുമില്ല. അന്ന് അവർ അവളെ നിന്ദിച്ചത് അവൾ മറന്നിട്ടില്ല. പക്ഷെ അവൻ അതു മറന്നു. ഇതായിരുന്നു അവളുടെ വിചാരം.

ഇതിന്നിടയിൽ ഒരു കാൽപെരുമാററം കേട്ട് അവൾ ഞെട്ടിയുണർന്നു മേല്പോട്ടു നോക്കി. ആ ചെറുപ്പ

ക്കാരൻ അതാ മുകളിലേക്കു പോകുന്നു. ഇന്ന് അയാളുടെകൂടെ കൂലിക്കാരൻ ഇല്ല. അയാൾ ശശിമുഖിയുടെ നോട്ടം കണ്ട് അവളെ ഒന്നു നോക്കി. അവളുടെ മുഖം വ്യസനംകൊണ്ടും ഇച്ഛാഭംഗംകൊണ്ടും വിവണ്ണമായിരുന്നതു കണ്ടപ്പോൾ അയാൾ ഒന്നു പരിഭ്രമിച്ചു. കുറെ അവിടെത്തന്നെ നിന്നു. കുന്തിയേയും ശശിമുഖിയേയും അയാൾ പലപ്പോഴും കണ്ടിട്ടുണ്ട്. അവരെപ്പററിയുള്ള സകല വത്തമാനവും രണ്ടാംനിലയിൽ താമസിക്കുന്നവർ പറഞ്ഞറിഞ്ഞിട്ടുണ്ട്. ദാരിദ്ര്യം എന്തെന്ന് അയാൾ നല്ലവണ്ണം അറിഞ്ഞിരുന്നതുകൊണ്ടു ശശിമുഖിയോട് അയാൾക്ക് അനുകമ്പ തോന്നിയിരുന്നു.

ഒരു അപരിചിതൻ തന്നെ ഉററുനോക്കുന്നതു കണ്ടപ്പോൾ ശശിമുഖിക്ക് ഒരു വല്ലായ്മ തോന്നി ഇങ്ങിനെ പറഞ്ഞു. "ഞങ്ങൾക്കു പലഹാരം ഒന്നും വേണ്ട. പിന്നെ എന്തിനാണ് താമസിക്കുന്നത്?"

ആ ചെറുപ്പക്കാരൻ ഒന്നു പുഞ്ചിരിയിട്ട് ഇങ്ങിനെ പറഞ്ഞു. "ഞാൻ അതിനുവേണ്ടിയല്ല താമസിച്ചത്. നിങ്ങൾക്കു മനസ്സിൽ എന്തൊ ഒരു സുഖക്കേടുള്ളതുപോലെ തോന്നി. എന്നെക്കൊണ്ടു വല്ലതും ചെയ്യാനാകുമൊ എന്നാലോചിച്ചാണ് നിന്നത്." (തുടരും)

ഇ. ഐ. പങ്ങിഅച്ചൻ ബി. എ., എൽ ടി.

---

## മതപരമായ ആദശ്ശത്തെ ഉദ്ദീപിക്കുക

"ഓരോ മനുഷ്യനും ഉള്ളതുപോലെ ഓരോ രാഷ്ട്രത്തിനും ജീവിതകേന്ദ്രമായ ഒരു പ്രധാനകാൎയ്യമുണ്ട്. അതിനെ ആശ്രയിച്ചായിരിക്കും മററുകാൎയ്യങ്ങൾ ഇണങ്ങിക്കൂടുന്നത്. ഒരു രാഷ്ട്രത്തിൽ, ഉദാഹരണം ഇംഗ്ലണ്ടിൽ, രാജ്യതന്ത്രമാകുന്നു അതിന്റെ ജീവൻ. മററൊ

ന്നിൽ സുകുമാരജീവിതമാകുന്നു. ഇന്ത്യയിൽ മതപരജീവിതമാകുന്നു കേന്ദ്രം. രാഷ്ട്രീയജീവിതമെന്ന സംഗീതത്തിൻെറ പ്രധാനസ്വരം അതാകുന്നു. ഏതെങ്കിലും, ഒരു രാഷ്ട്രം അനേകനൂററാണ്ടുകളിലെ പാരമ്പര്യത്താൽ അതിൻെറ സ്വന്തമായിരിക്കുന്ന ഗതിയെ, ആ ജീവിതശക്തിയെ, തള്ളിക്കളവാൻ ഉദ്യമിക്കുകയും ആ ഉദ്യമം സഫലമാകയും ചെയ്യുന്നപക്ഷം ആ രാഷ്ട്രം മൃതിയടയുന്നു. അതുകൊണ്ടു നിങ്ങൾ നിങ്ങളുടെ രാഷ്ട്രീയജീവിതത്തിൻെറ പ്രാണശക്തിയായ മതത്തെ തള്ളിക്കളഞ്ഞു രാജ്യതന്ത്രമോ മറേറതെങ്കിലുമോ ജീവിതകേന്ദ്രമാക്കുവാൻ പുറപ്പെട്ട് അതു നിങ്ങൾക്കു സാധിക്കുന്നപക്ഷം അതിൻെറ ഫലം നിങ്ങൾ നിശ്ശേഷം നശിക്കുമെന്നുള്ളതായിരിക്കും.

* * * *

ഹിന്തുമതത്തിനു ഹിന്തുത്വമുണ്ടാക്കുവാനാണ് ഭഗവാൻ ശ്രീരാമകൃഷ്ണദേവൻ അവതരിച്ചത്. മനുഷ്യജീവിതത്തിൽ വാക്കുകളേക്കാളെത്രയും അധികം ഫലം കാണിക്കുന്നതു കർമ്മങ്ങളാകുന്നു. എല്ലാ മതങ്ങളും സത്യമെന്നും അതിനാൽ മതസ്പദ്ധയ്ക്കു വകാശമില്ലെന്നും സ്വന്തസാധനകൾ വഴിയായി ലോകത്തിനു തെളിയിച്ചുകൊടുക്കുകമാത്രമല്ല ശ്രീരാമകൃഷ്ണദേവൻ ചെയ്തിട്ടുള്ളത്. ഓരോ ജീവനും അന്തൎയ്യാമിയായ സവ്വേശ്വരൻെറ പ്രകാശനമാണെന്നു സ്വജീവിതത്താൽ പ്രത്യക്ഷമാക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്ന് ഒരു പറയനും തൊട്ടുകൂടാത്തവനായിരുന്നില്ല. സവ്വത്തിലും ബ്രഹ്മത്തെ സാക്ഷാൽക്കരിക്കുന്നതിനെ തടയുവാൻ അഹങ്കാരത്തിൻെറ കണികപോലും തന്നിൽ കിടപ്പുണ്ടായിരുന്നുവെങ്കിൽ അതിനെ നശിപ്പിക്കുവാൻവേണ്ടി അദ്ദേഹം സ്വശിരസ്സിൽ നിന്നിരുന്ന ജടകൊണ്ട് അത്യന്തം മലിനപ്രദേശങ്ങളെയും തുടച്ചു വൃത്തിയാക്കീട്ടുണ്ടായിരുന്നു. "ഞാൻ ദേവൻതന്നെ അന്യനല്ല. ഞാൻ സവ്വദുഃഖാതീതബ്രഹ്മ

മാകുന്നു. ഞാൻ നിത്യശുദ്ധമുക്തമായ സച്ചിദാനന്ദസ്വരൂപമാകുന്നു”എന്നു ഹിന്ദു നിത്യവും ഉച്ചരിക്കുന്നു. എന്നിരുന്നിട്ടും നാം നിത്യജീവിതത്തിൽ ‘അടുക്കളമതം’ അനുസരിക്കയും ചെയ്യുന്നു. നാം ഈ തൊട്ടുകൂടായ്മ വെച്ചിരിക്കുന്ന കാലത്തോളം അവിദ്യയാൽ ദൃഢബദ്ധന്മാരായിരിക്കുമെന്നും വിദ്യാശക്തിയാൽ അവിദ്യയെ ഛേദിച്ചുകളഞ്ഞല്ലാതെ നമുക്കു മുക്തിയില്ലെന്നും ശ്രീരാമകൃഷ്ണദേവൻ നമ്മോട് ഉപദേശിച്ചിരിക്കുന്നു. ഇത് അദ്ധ്യാത്മകാര്യത്തിൽ എത്രത്തോളം സത്യമോ അത്രത്തോളം സമുദായകാര്യത്തിലും സത്യമാകുന്നു. ഇപ്പോൾ ഇന്ത്യാരാജ്യം സമുദായപരിണാമത്തിന്റെ ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയാകുന്നു. ഈ ഘട്ടത്തിൽ സാമുദായികബോധം ഉണർന്നിരിക്കുന്നു; സാമുദായികധാർമ്മികലക്ഷ്യങ്ങൾക്ക് ഉയർച്ചയുമുണ്ടായിരിക്കുന്നു. പുരാതനകാലത്തു സാമുദായികജീവിതത്തിൽ വിഷമതകൾ വർദ്ധിച്ചുവന്നപ്പോൾ ഒരു വർഗ്ഗം മറ്റൊരു വർഗ്ഗത്തെ അമർത്തിവെച്ചു. അതിൽനിന്നുത്ഭവിച്ച പഴകിയ ശാസനാരൂപമായ സ്വാധീനശക്തി ഇന്ന്, ആ ഘട്ടത്തിൽ പരിപാലിച്ചു നിർത്തപ്പെടാവുന്നതല്ല. സാമുദായികസ്വാധീനശക്തിക്കു ഹിന്ദുമതം നൂതനമായ ആസ്പദം ഒന്നു കാണുകതന്നെവേണം. ആ നൂതനാസ്പദമാകട്ടെ, ജനങ്ങളുടെ യുക്തിപൂർവ്വകമായ അഭിപ്രായൈക്യത്തിൽ സ്ഥിതിചെയ്യുന്നു. ബുദ്ധിപൂർവ്വകമായ ഉദ്ദേശത്തിലും നിശ്ചയത്തിലും സ്ഥിതിചെയ്യുന്നു. സാമുദായികൈക്യം ശാസന നടത്തിക്കൊണ്ടു തേടേണ്ട ഒന്നല്ല; അതു സമുദായത്തിൽപെട്ട സർവ്വജനങ്ങളുടേയും സൗഹാർദ്ദപരമായ പരസ്പരജ്ഞാനവും ബുദ്ധിപൂർവ്വകമായ ഉദ്ദേശവും വഴിയായി സമ്പാദിക്കേണ്ടതാകുന്നു.

എൻ. എസ്സ്.

# പുസ്തകാഭിപ്രായം

## ശ്രീമദ് ഭഗവത്ഗീതാ

(ലളിതാവ്യാഖ്യാനം)

കറന്നാൽ പാൽ അവസാനിക്കാത്തതായ ഒരു കാമധേനുവാണ് ശ്രീമദ് ഭഗവത്ഗീതാ. മനുഷ്യൎക്കു മുക്തിയെ ദാനം ചെയ്യുന്നതും സൎവ്വമതക്കാരും ആദരിക്കുന്നതും അനുകരിക്കുന്നതുമാണിത്. ഉപനിഷദാദികളിൽ അദ്ധ്യാത്മസത്യത്തെപ്പററി ഇതിലുള്ളതിലധികം സംഗതികൾ ഉണ്ടായിരിക്കാമെങ്കിലും അവയെല്ലാം മട്ടിച്ചെട്ടത്തൊരു അമൃതമാണ് ഈ വിശിഷ്ടഗ്രന്ഥം. മതദ്വേഷിയും ആസ്തിക്യബുദ്ധിയില്ലാത്തവനുമായാൽകൂടി ജിജ്ഞാസുവാണെങ്കിൽ അവന് അദ്ധ്യാത്മമാൎഗ്ഗത്തിൽകൂടെ ചരിക്കുന്നതിന്ന് ഈ ശാസ്ത്രം സഹായിക്കുന്നതാണ്. ഗീതയും മലയാളികളും തമ്മിൽ വിശേഷിച്ചൊരു വേഴ്ചയുണ്ടെന്ന സംഗതി ശങ്കരാചാൎയ്യരുടെ ഭാഷ്യവും നിരണത്തു പണിക്കരുടെ ഭാഷാഗീതയും വ്യക്തമാക്കുന്നതാണല്ലൊ. അവയ്ക്കുപുറമെ ഗദ്യരീതിയിലുള്ള ചില പഴയ ഗീതാഗ്രന്ഥങ്ങളും കണ്ടിട്ടുണ്ട്. എന്തായാലും ഗീതയ്ക്കു മലയാളത്തിലുള്ളിടത്തോളം വ്യാഖ്യാനങ്ങൾ മററൊരു ഭാഷയിലുണ്ടോ എന്നു സംശയമാണ്. ചുരുക്കിപ്പറയുന്നതായാൽ കൊച്ചുപെണ്ണുങ്ങൾക്കു പാടിക്കളിക്കുന്നതിന്നുപോലും ഗീത കൈകൊട്ടിക്കളിപ്പാട്ടായി മലയാളത്തിൽ നിൎമ്മിച്ചിട്ടുണ്ട്.

"ലോകതന്ത്രവിദഗ്ദ്ധന്മാരായ പാശ്ചാത്യഗുരുക്കന്മാരുടെ അടുക്കൽ ഫിസിക്സ്, കെമിസ്റ്ററി മുതലായ ഭൌതികവിഷയം മാത്രം അഭ്യസിച്ചവൎക്ക് ഇന്ദ്രിയഗോചരമായ പ്രത്യക്ഷപ്രമാണത്തിൽ മാത്രമേ വിശ്വാസമുള്ളു.

അദ്ധ്യാത്മവിഷയമാണെങ്കിൽ പ്രത്യക്ഷപ്രമാണംകൊ
ണ്ടു തെളിയിപ്പാനത്ര എളുപ്പവുമല്ല. എന്നാൽ പാശ്ചാ
ത്യസമ്പ്രദായപ്രകാരമുള്ള പ്രത്യക്ഷശാസ്ത്രദൃഷ്ടാന്തങ്ങളെ
അടിസ്ഥാനപ്പെടുത്തി തുല്യകാൎയ്യങ്ങളായ അദ്ധ്യാത്മ
സിദ്ധാന്തങ്ങളെ അനുമാനിച്ചു കാണിച്ചാൽ ശ്രദ്ധ പ
തിയുമോ എന്നു് ഒന്നു പരീക്ഷിക്കുവാൻ നിശ്ചയിച്ചു. ആ
പരീക്ഷ ഉടനേ ഫലവത്തായിക്കണ്ടുതുടങ്ങുകയും ചെയ്തു.
അതുവരെ ശ്രദ്ധയും വിശ്വാസവും വരാതിരുന്നവരിൽ
ജിജ്ഞാസ ജനിച്ചുതുടങ്ങിയതായി അനുഭവപ്പെട്ടു. ഈ
ആവശ്യത്തിനായി നോട്ടുകുറിച്ചതാണു് ഈ ഭാഷാവ്യാ
ഖ്യാനം.”

വാദപ്രതിവാദങ്ങളുടെ സംഘൎഷണത്തിൽനിന്നാ
ണു് തത്വകണങ്ങളുടെ ഉത്ഭവമെന്നു വിജ്ഞന്മാർ അഭി
പ്രായപ്പെട്ടിട്ടുള്ളതിനാൽ വിവിധതരക്കാരായ ശിഷ്യന്മാ
രുടെ നാനാവിധങ്ങളായ ചോദ്യങ്ങൾക്കു് ഉത്തരം പ
റയേണ്ടതായി വരുമ്പോൾ വഴി പിഴച്ചുപോയാൽ ബാ
ലന്മാരല്ലാത്ത ശിഷ്യന്മാർ വിലങ്ങടിച്ചു നില്ക്കാതിരിക്കു
ന്നതല്ലല്ലോ. അതിനാൽ മേധാവികളായ ശിഷ്യന്മാരെ
പ്രമാണയുക്ത്യാദികൾമൂലം സമ്മതിപ്പിക്കത്തക്കവണ്ണം
കരകളഞ്ഞു കടഞ്ഞെടുത്ത ഈ വ്യാഖ്യാനത്തിനുള്ള വി
ലയൊന്നു വേറെതന്നെയാണു്. മിക്ക ശ്ലോകങ്ങളും അ
ദ്ധ്യാത്മവിഷയമായി സംഘടിപ്പിച്ചിട്ടുള്ളതിനാൽ യ
ഥാശ്രുതമായ അൎത്ഥമല്ല ഗീതയ്ക്കുള്ളതെന്നു തെളിയിച്ചി
രിക്കുന്നു. പാശ്ചാത്യന്മാൎക്കും പൌരസ്ത്യന്മാൎക്കും ഗീതാ
വ്യാഖ്യാനത്തിൽ പററിപ്പോയിട്ടുള്ള പ്രമാദങ്ങളെ വ്യാ
ഖ്യാതാവു സയുക്തികം ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇത്ര
നല്ലൊരു വ്യാഖ്യാനം ഇതുവരെ മലയാളഭാഷയിലുണ്ടാ
യിട്ടില്ലെന്നു പറഞ്ഞാൽ മററു വ്യാഖ്യാതാക്കൾ മുഷിയു

കയില്ലെന്നു വിശ്വസിക്കുന്നു. എന്നാൽ ഒരു ദോഷം ഞങ്ങൾ ഇതിൽ കാണുന്നതു വ്യാഖ്യാനം കുറെയധികം നീണ്ടുപോയി എന്നുള്ളതാണ്. "വേർ കണ്ടാലറിയാത്തവക്കില പറിച്ചാഹന്ത! കാട്ടേണമോ?" എന്ന് ഒരു വിദ്വാൻ പറഞ്ഞതുപോലെ മനസ്സിലാക്കാൻ കെല്പില്ലാത്തവക്ക് എത്ര വിസ്തരിച്ചു പറഞ്ഞാലും മനസ്സിലാകുന്നതല്ലല്ലോ. ലോകാനുഗ്രഹാൎത്ഥം അക്ഷീണപരിശ്രമം ചെയ്ത വ്യാഖ്യാതാ ഡോക്ടർ എൽ. എ. രവിവൎമ്മാ അവർകളെ ഭഗവാൻ കടാക്ഷിക്കുമാറാകട്ടെ.

റോയൽ എട്ടുവലിപ്പത്തിൽ ആകെ ൩൦൨-ഭാഗങ്ങളുള്ള ഈ പുസ്തകം പ്രസിദ്ധപ്പെട്ട തിരുവനന്തപുരം ബി. വി ബുക്ക് ഡിപ്പോ ആൻറ് പ്രിൻറിംഗ് വർക്സിൽനിന്നാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. അച്ചടി, വിശേഷമായ കുത്തിക്കെട്ട്, കടലാസ്സിന്റെ ഗുണം, അച്ചടിപ്പിഴയുടെ ചുരുക്കം മുതലായവ നോക്കുമ്പോൾ ഈ പുസ്തകത്തിന്ന് ആറുറുപ്പിക വില വെച്ചിട്ടുള്ളത് ഒട്ടുംതന്നെ അധികമായിപ്പോയിട്ടില്ല. തിരുവിതാംകൂർ കൊച്ചി ബ്രിട്ടീഷ് മലബാറുകളിലെ വിദ്യാഭ്യാസമേലധികാരിമാരുടെ ദയാദൃഷ്ടി ഈ ഗ്രന്ഥത്തിന്റെ നേരെ ഉണ്ടാകുമെന്നുതന്നെയാണ് ഞങ്ങളുടെ ഉത്തമവിശ്വാസം.

മടിയന്റെ കട്ടപ്പെട്ടി.

ക്ഷുദ്രഗ്രന്ഥങ്ങൾ ഭാഷയിൽ വൎദ്ധിച്ചുതുടങ്ങിയപ്പോൾ അവയുടെ ഓടിക്കേററത്തെ തടയുന്നതിനു 'പറങ്ങോടീപരിണയം' 'ചക്കീചങ്കരം' മുതലായ ഗ്രന്ഥങ്ങൾ ആവിൎഭവിച്ചതുപോലെ ഇപ്പോഴത്തെ പരിഷ്കാരികളുടെ തോന്നിവാസങ്ങൾക്കൊരു അറുതിവരുത്താൻ ഉണ്ടായതാണ് ഈ 'കട്ടപ്പെട്ടി.' കണ്ണിൽ ചോരയില്ലാ

തെ ഇങ്ങിനെ വെട്ടിപ്പൊളിച്ചു തുറന്നു പറയുന്നൊരു പുസ്തകം ഭാഷയിലുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. വിദ്യാർത്ഥിമുതൽ വിദ്വാൻവരെയുള്ളവർ വായിച്ചറിഞ്ഞിരിക്കേണ്ടതാണ് ഇതിലെ വിഷയം. രസികന്മാർക്കു വിനോദത്തിന്നും അരസികന്മാർക്കു വിഷാദത്തിന്നും ഈ പുസ്തകത്തിൽ ധാരാളത്തിലധികം വകയുണ്ട്. അജ്ഞാതനാമാവായ ഇതിന്റെ കർത്താവ് ആരായാലും വേണ്ടതില്ല. നല്ലൊരു വിദ്വാനും രസികനും ഭാഷാഭിമാനിയും മറ്റുമാണെന്നു തീർത്തുപറയാവുന്നതാണ്. വേഷപ്പകർച്ചയുണ്ടായാലും വിവരമുള്ളവർ ആളെ തിരിച്ചറിയാതിരിക്കുന്നതല്ല. പ്രസാധകൻ കെ. എ. പത്മനാഭയ്യൻ അവർകളും അച്ചടി എറണാകുളം, പെരുമാന്നൂർ 'സനാതനധർമ്മം' അച്ചുകൂടത്തിലുമാണ്.

ഭക്തിരസഗാനങ്ങൾ. (ഒന്നാംഭാഗം)

ഭക്തിരസഗാനങ്ങൾകൊണ്ടാണ് കവിതയുണ്ടാക്കി പഠിക്കേണ്ടത്. എന്നാലെ ആ മാർഗ്ഗം തെളിഞ്ഞുകാണുകയുള്ളൂ. 'ശ്രീഭൂതനാഥൻ തുണ' എന്നു ഗ്രന്ഥത്തിന്റെ ആരംഭത്തിൽ പറഞ്ഞിരിക്കുന്ന സ്ഥിതിക്കു ഭൂതനാഥനെക്കുറിച്ചൊരു ഗാനമായിരുന്നു ആദ്യം ചേർക്കേണ്ടത്. പലമട്ടിൽ ൧൭ ഗാനങ്ങളാണ് ഇതിലുള്ളത്. അവ ആകപ്പാടെ നന്നായിട്ടുണ്ട്. പാടുമ്പോൾ ദീർഘം ഹ്രസ്വമായും ഹ്രസ്വം ദീർഘമായും ഉപയോഗിക്കാമെന്നല്ലാതെ കവിതയിൽ ആ രീതി ഉപയോഗിക്കുന്നതു നന്നല്ല. ഇതിന്റെ കർത്താവു ചേന്നമംഗലത്ത് ആണേലിൽ ഗോവിന്ദമേനോൻ അവർകളാണ്. ആർ. വി. പ്രസ്സ് വടക്കുംപുറം. വില ൩ പൈ.

മലയാളശൈലീനിഘണ്ടു

ശൈലീനിഘണ്ടുനിർമ്മാണംപോലെ ശല്യംപിടിച്ചൊരുപണി വേറെയുണ്ടോ എന്നു സംശയമാണ്. അതു

കൊണ്ടുതന്നെയായിരിക്കണം അതിന്ന് ആരും ഒരുങ്ങാതിരുന്നത്. ഗ്രന്ഥപ്പുരകളിൽ അന്ത്യശ്വാസം വലിച്ചു കിടക്കുന്ന ചമ്പൂഗ്രന്ഥങ്ങളും നിന്ദാസൂചകങ്ങളായ സന്ദേശങ്ങളും മററും പൊതുമുതൽ ചിലവാക്കി അച്ചടിപ്പിക്കുന്നതു ഭാഷാപോഷണമോ ഭാഷാപരിഷ്കരണമോ ആണെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. കൃത്യാന്തരശതങ്ങൾമൂലം ശ്വാസോച്ഛ്വാസം ചെയ്യുന്നതിന്നുപോലും സമയമില്ലാത്ത ററി. രാമലിംഗംപിള്ള എം. എ. അവർകൾ അലംഘ്യവായ ഈ നിഘണ്ടുനിർമ്മാണം ശ്ലാഘ്യമായ വിധത്തിൽ നിർവ്വഹിച്ചുപോരുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ അളവില്ലാതെ അഭിനന്ദിച്ചുകൊള്ളുന്നു. വമ്പന്മാരായ വിദ്യാസമ്പന്നന്മാരുടെ അഭിപ്രായശതങ്ങളാൽ പ്രശോഭിക്കുന്ന ഈ നിഘണ്ടുവിന്നു രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിലെ അവതാരിക ശിരോലങ്കാരമായിത്തീർന്നിരിക്കുന്നു. 'എല്ലു കണ്ടാൽ തല്ലു നിശ്ചയം' എന്നാണല്ലോ. ആ സ്ഥിതിക്കു മഹാകവിയായി ഇരിക്കുന്ന കവിതിലകനും റാവുബഹദൂറും ആയ ഉള്ളൂർ എസ്. പരമേശ്വരയ്യൻ എം. എ., ബി. എൽ. അവർകളുടെ അഭിപ്രായംപോലും ഇതിൽ കാണാത്തതിന്നുള്ള കാരണം മനസ്സിലാകുന്നില്ല.

സന്തോഷപൂർവ്വം അയച്ചുതന്ന അഞ്ചുഭാഗങ്ങളും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്വീകരിച്ചു. ഓരോ ഭാഗത്തിന്നും രണ്ടര ഉറുപ്പികയാണ് വില. ഈ ഗ്രന്ഥത്തിന്റെ നിർവ്വിഘ്നപരിസമാപ്തിക്കായി ഞങ്ങൾ വാമദേവനെ സാമോദം പ്രണമിച്ചുകൊള്ളുന്നു.

പ്രസാധകൻ ആർ. എസ്സ് പിള്ള അവർകൾ 'ഗാന്ധാരിഅമ്മൻതെരുവ്,' തിരുവനന്തപുരം.